കേരള സർക്കാർ

# തൃക്കാക്കര നഗരസഭ
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെഎസ്എ.ഇകെഎം(എം.1)141/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം,
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email :doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി: 08.02.2017

ചെയർമാൻ (സെക്രട്ടറി മുഖേന),
തൃക്കാക്കര നഗരസഭ

സർ,

വിഷയം:തൃക്കാക്കര നഗരസഭ -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പിലാറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കാക്കര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലേക്ക് നഗരസഭാഅധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യവകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽജോയിന്റ്ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം.
5. കാര്യാലയ പകർപ്പ്

നം.കെഎസ്എ.ഇകെഎം(എം1)141/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം,
സിവിൽ സ്റ്റേഷൻ,
കാക്കനാട്-682030
ഫോൺ-0484-2422271
email:doekm.ksad@kerala.gov.in
തീയതി: 08.02.2017

# എറണാകുളംജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 31.3.2016 വരെ വിവിധയിനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.1.2017മുതൽ 27.1.2017 വരെ. |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അജിതൻ ടി.എൻ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ |
| | വിനീത് ആർ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സന്തോഷ് കുമാർ കെ.വി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർമാൻ / ചെയർപേഴ്സൺ | മുഹമ്മദാലി പി.ഐ. | 1.4.2015 | 30.11.2015 |
| | കുമാരി നീന കെ.കെ. | 1.12.2015 | 31.3.2016 |

| | | | |
|---|---|---|---|
| വൈസ് ചെയർ പേഴ്സൺ / ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ / ചെയർമാൻ | അഡ്വ.ഷെറീന ഷുക്കൂർ | 1.4.2015 | 30.11.2015 |
| | സാബു ഫ്രാൻസീസ് | 1.12.2015 | 31.3.2016 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ / ചെയർപേഴ്സൺ | അജിത്ത് ബാബു ജോസഫ് | 1.4.2015 | 30.11.2015 |
| | മേരികുര്യൻ | 1.12.2015 | 31.3.2016 |
| ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ/ ചെയർപേഴ്സൺ | വി.ഡി.സുരേഷ് | 1.4.2015 | 30.11.2015 |
| | ഷബ്ന റഹ്മാൻ | 1.12.2015 | 31.3.2016 |
| വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ / ചെയർപേഴ്സൺ | വർഗ്ഗീസ് പൗലോസ് | 1.4.2015 | 30.11.2015 |
| | സീന റഹ്മാൻ | 1.12.2015 | 31.3.2016 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | അജിത തങ്കപ്പൻ | 1.4.2015 | 30.11.2015 |
| | ജിജോ ചിങ്ങംത്തറ | 1.12.2015 | 31.3.2016 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | രാധാമണി പിള്ള | 1.4.2015 | 30.11.2015 |
| | കെ.ടി. എൽദോ | 1.12.2015 | 31.3.2016 |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| സെക്രട്ടറി | സജികുമാർ വി | 1.4.2015 | 18.5.2015 |
| | മുരളി മോഹൻ ഇ.കെ. (മുനിസിപ്പൽ എഞ്ചിനീയർ-ഇൻ-ചാർജ്) | 19.5.2015 | 24.6.2015 |
| | പി ശ്രീകുമാർ (സൂപ്രണ്ട്-ഇൻ-ചാർജ്) | 25.6.2015 | 23.7.2015 |
| | ബിജുമോൻ ജേക്കബ് | 24.7.2015 | 25.11.2015 |
| | പി. മുരളീധരൻ | 26.11.2015 | 20.1.2016 |
| | സുനിൽ തോമസ് (ഹെൽത്ത് ഇൻസ്പെക്ടർ-ഇൻ-ചാർജ്) | 21.1.2016 | 10.2.2016 |
| | പി.എസ്. ഷിബു | 11.2.2016 | 31.3.2016 |
| മുനിസിപ്പൽ എഞ്ചി നീയർ | മുരളി മോഹൻ (അസിസ്റ്റന്റ് എഞ്ചിനീയർ) | 1.4.2015 | 15.7.2015 |
| | ഫിലിപ്പോസ് പണിക്കർ (അസിസ്റ്റന്റ് എഞ്ചിനീയർ) | 16.7.2015 | 21.2.2016 |
| | എസ്.രാജേന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 22.2.2016 | 31.3.2016 |
| ഹെഡ്മിസ്ട്രസ് , ജി.യു.പി.എസ്.,തെങ്ങോട് | എസ്. ജയ | 1.4.2015 | 31.3.2016 |
| കൃഷി ഫീൽഡ് ഓഫീസർ | ആർ.ഷീല | 1.4.2015 | 31.3.2016 |

| | | | |
|---|---|---|---|
| വെറ്ററിനറി സർജൻ | മഞ്ജു. എം. | 1.4.2015 | 29.9.2015 |
| | ലൗലി | 30.9.2015 | 31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഡിൽഫ ഡിക്രൂസ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ദീപ്തി | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ,ഗവ. ഹോമിയോ ഡിസ്പെൻസറി തൃക്കാക്കര | ഡോ.സോമസുന്ദരി | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ,ഗവ. ഹോമിയോ ഡിസ്പെൻസറി തൃക്കാക്കര മുനിസിപ്പാലിറ്റി | ഡോ.സോമസുന്ദരി (പ്രൊജക്ട് നടപ്പാക്കിയ നിർവ്വഹണോദ്യാഗസ്ഥ) | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.മായ പ്രഭ | 1.4.2015 | 31.3.2016 |
| പട്ടിക ജാതി വികസന ഓഫീസർ | അജിത് കുമാർ | 1.4.2015 | 26.6.2015 |
| | പ്രീത പ്രിയദർശിനി | 27.6.2015 | 4.8.2015 |
| | ജി. ഗീത കുമാരി | 5.8.2015 | 31.3.2016 |
| ഹെൽത്ത് ഇൻസ്പെക്ടർ | സുനിൽ തോമസ് | 1.4.2015 | 31.3.2016 |
| പ്രൊജക്ട് ഓഫീസർ | പ്രകാശ് ,ഹെൽത്ത് ഇൻസ്പെക്ടർ | 1.4.2015 | 25.7.2015 |
| | വി. ദീപൻ, ഹെൽത്ത് ഇൻസ്പെക്ടർ | 26.7.2015 | 31.3.2016 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | റോയ് കെ. സൈമൺ | 1.4.2015 | 31.3.2016 |

.ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-12 |
| | ഭാഗം 2 | |
| 13 | കെട്ടിട നികുതി - അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി – അപാകതകൾ | 2-2 |
| 15 | ഡി. & ഒ. ലൈസൻസ് ഫീ-അപാകതകൾ. | 2-3 |
| 16 | കെട്ടിട നിർമ്മാണത്തിന് ക്രമവിരുദ്ധമായി അനുമതി നൽകി. | 2-4 |
| 17 | ടൗൺഹാൾ വാടക പിരിവ് - രജിസ്റ്ററുകൾ കൃത്യമല്ല. | 2-5 |
| 18 | പരസ്യ നികുതി -അപാകതകൾ. | 2-6 |
| 19 | ലക്ഷ്വറി ടാക്സ് - ഈടാക്കി അടക്കുന്നില്ല | 2-7 |
| | ഭാഗം 3 | |
| 20 | ഹാജർ പുസ്തക പരിശോധന | 3-1 |
| 21 | പുതുക്കിയ ഇൻഷ്വറൻസ് പോളിസി - ലഭ്യമാക്കിയിട്ടില്ല | 3-2 |
| 22 | ചെലവുരേഖകൾ ഹാജരാക്കാത്തത് | 3-3 |
| 23 | നഗരസഭാ സെക്രട്ടറിക്ക് ക്വോർട്ടേഴ്സ് വാടക | 3-4 |
| 24 | പൊതുടാപ്പുകളുടെ എണ്ണം - സംയുക്ത പരിശോധന നടന്നിട്ടില്ല. | 3-5 |
| 25 | വെട്ടിമാറ്റിയ മരങ്ങളുടെ ലേലവിവരം ലഭ്യമാക്കിയില്ല | 3-6 |
| 26 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നിലവിലുള്ളതിൽ കൂടുതൽ ലൈറ്റുകൾക്ക് പണം നല്കി | 3-7 |
| 27 | ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല | 3-8 |
| 28 | നിരീക്ഷണ ക്യാമറകൾ പ്രവർത്തനരഹിതം - 569988 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-9 |
| 29 | കമ്പ്യൂട്ടർ പരിശീലനം - രേഖകൾ ഹാജരാക്കിയില്ല. | 3-10 |
| 30 | ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പ്രോജക്റ്റുകൾ – അപാകതകൾ | 3-11 |
| 31 | കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - നഗരസഭയ്ക്ക് നഷ്ടം | 3-12 |
| 32 | വയോമിത്രം – സാമൂഹ്യ സുരക്ഷാമിഷന് തുക നല്കി | 3-13 |
| 33 | പട്ടികജാതി വികസനഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ | 3-14 |
| 34 | ഹെൽത്ത് ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റുകൾ | 3-15 |
| 35 | ഖരമാലിന്യസംസ്കരണ പദ്ധതി – പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 3-16 |
| 36 | മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം | 3-17 |
| 37 | പ്രോജക്റ്റ് ഓഫീസർ (നഗര ദാരിദ്ര നിർമ്മാർ ജ്ജനം) നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ | 3-18 |
| 38 | സംരക്ഷണ ഭിത്തി തകർന്നത് പുനഃസ്ഥാപിച്ചതിന്റെ തുക തിരികെ ഈടാക്കിയില്ല | 3-19 |

| | | |
|---|---|---|
| 39 | മരാമത്ത് പ്രൊജക്റ്റുകൾ- പൊതുവായ അപാകതകൾ | 3-20 |
| 40 | കൺവീനർക്ക് ഉപയോഗിക്കാത്ത കമ്പിയുടെ തുക നൽകി | 3-21 |
| 41 | കൺവീനർക്ക് ചെയ്ത പ്രവൃത്തിയേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകി | 3-22 |
| 42 | കാനകളുടെ കവറിംഗ് സ്ലാബ് നിർമ്മാണം - അധിക നിരക്ക് നൽകി | 3-23 |
| 43 | പ്ലാൻ ഫണ്ടിൽ നിന്നും ബിറ്റുമിന്റെ വില വ്യത്യാസം വഴി ലഭിച്ച തുക തനത് ഫണ്ടിൽ നിക്ഷേപിച്ചു. | 3-24 |
| 44 | നഗരസഭയുടേതല്ലാത്ത സ്ഥലത്ത് പ്രവൃത്തി നടത്തി. | 3-25 |
| 45 | ബിറ്റുമിൻ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-26 |
| 46 | ഡെപ്പോസിറ്റ് വർക്ക് -വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-27 |
| 47 | അധികതുക നൽകി | 3-28 |
| 48 | പെൻഷൻ ഫണ്ട് | 3-29 |
| 49 | നാഷണൽ പെൻഷൻ സിസ്റ്റം - അംഗത്വമെടുത്തിട്ടില്ല | 3-30 |
| 50 | പ്രത്യേക അവലോകനം | 3-31 |
| | ഭാഗം 4 | |
| 51 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 52 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 54 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 55 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 56 | ഓഡിറ്റ് റിക്കവറി | 4-6 |
| 57 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 60 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 61 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 62 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 63 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26.3.2015 തിയതിയിലെ 1)ം. നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 4.3.2016 ൽ ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 480552980 | 545934057 |
| ധനകാര്യപത്രിക പ്രകാരം | 332393335 | 449003995 |
| വ്യത്യാസം | 148159645 | 96930062 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം - / (+) |
|---|---|---|---|
| വസ്തു നികുതി | 59000000 | 40996330 | -18003670 |
| തൊഴിൽ നികുതി | 100000000 | 104797987 | 4800987 |
| വാടക | 5318000 | 5955204 | 637204 |
| പരസ്യം | 534333 | 800000 | 265667 |
| ഡി.& ഒ.ലൈസൻസ് ഫീസ് | 1500000 | 2511606 | 1011606 |
| വിനോദ നികുതി (പ്രദർശന നികുതി) | - | - | - |
| പെർമിറ്റ് ഫീസ് | 10000000 | 8834379 | -1165621 |
| സേവന നികുതി | - | - | - |
| ലേലങ്ങൾ (മാർക്കറ്റ്) | 1246070 | 11784482 | 10538412 |

ബജറ്റ് വരവുകളും വാർഷിക കണക്കുകളിലെ ഡിമാന്റ് തുകകളും തമ്മിൽ വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ ഡിമാന്റ് തുകകളും പരിഗണിച്ച് കണക്കുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2015 | 31.7.2015 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു |

ധനകാര്യപത്രികയിലെ അപാകതകൾ

1)റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകത

2016 മാർച്ച് മാസത്തെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ അപാകതയുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| Closing balance as per bank book | | 32169637 |
| Add : cheque issued not presented in to bank | 43,00,894 | |
| Add : Directly credited by bank | 34,985,856 | |
| Less : cheque deposited but not collected | 6,13,98,486 | |
| less : directly debited by bank | 7360006 | |
| Total | | 2692895 |

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.2016 ൽ 7782801/- രൂപ ബാലൻസുണ്ട്. ആയതിനാൽ തയ്യാറാക്കിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ തുകയേക്കാൾ 5089906 രൂപ അധികമായി ബാങ്ക് അക്കൗണ്ടിലുണ്ട്.

റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം തയ്യാറാക്കിയ cheque issued not presented in to bank പട്ടികയിൽ cheque No . 126134 പ്രകാരമുള്ള 10790/- , cheque No . 126133പ്രകാരമുള്ള 14805/ എന്നീ തുകകൾ രണ്ടു പ്രാവശ്യം ചേർത്തിട്ടുണ്ട്. അതായത് 25595/- രൂപ കൂടുതലായി ചേർത്തിട്ടുണ്ട്. കൂടാതെ cheque Nos. 126115, 126114, 126613 പ്രകാരമുള്ള 2000, 2000, 2000 എന്നീതുകകൾ ബാങ്ക് ബുക്ക് പ്രകാരം ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിലും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. cheque No 125999 പ്രകാരംബാങ്ക് ബുക്കിൽ 296807/- രൂപ ക്രെഡിറ്റ് ചെയ്തിരിക്കുന്നത് ബാങ്ക് സ്റ്റേറ്റ്മെന്റിൽ 455454 ( 25.2.2016) രൂപയാണ് ഡെബിറ്റ് ചെയ്തിരിക്കുന്നത്. കൃത്യമായ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) 2015-16 വർഷത്തെ ധനകാര്യ പത്രികയിലെ ശ്രദ്ധിക്കപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു. അവ പരിഹരിക്കേണ്ടതാണ്.

i) തൃക്കാക്കര നഗരസഭയുടെ പല ബാങ്ക് അക്കൗണ്ട് ബാലൻസുകളും ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ.നം | അക്കൗണ്ട് നം | 31.3.16 ലെ നീക്കിയിരുപ്പ് |
|---|---|---|
| 1. | 385402010052232 (H I) | 39585/- |
| 2. | 385402010055709 (Swatch Barath) | 150000/- |
| 3. | 385402010050045 | ലഭ്യമാക്കിയില്ല. |
| 4. | 385402010001061 | “ |

| | | |
|---|---|---|
| 3. | വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകൾ | |

ii) ബാങ്ക് അക്കൗണ്ട് ബാലൻസുകളും ധനകാര്യ പത്രികയിലെ നീക്കിയിരുപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | അക്കൗണ്ട് നം | 31.3.16 ലെ നീക്കിയിരുപ്പ് | ധനകാര്യ പത്രികയിലെ നീക്കിയിരുപ്പ് തുക |
|---|---|---|---|
| 1. | PF Allotment A/c(450210400) | 880892/- | 232127/- |
| 2. | A/c( 450210200) | 7360006/- | 32164637/- |

II) ചെലവുരേഖയിലെ അപാകതകൾ
വിവിധ പ്രോജക്ടുകൾക്ക് ചെലവുരേഖയിലുള്ള ചെലവുകളും യഥാർത്ഥ ചെ ലവുകളും വ്യത്യാസം ഉണ്ട് .അവ ,

| ക്രമ.നം | പ്രോജക്ടിന്റെ പേര് | ചെലവുരേഖയിലുള്ള ചെലവുകൾ | യഥാർത്ഥ ചെ ലവുകൾ |
|---|---|---|---|
| 1 | 210/15-16ആട് വിതരണം | 200000- | 300000- |
| 2 | 1/15-16അംഗൻവാടി പോഷകാഹാരം | 2500000- | 3500000- |

ചെലവു രേഖയിലെ ചെലവുകളാണ് ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നതിനാൽ വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.
III) ഉത്തരവ് നം. RD1 1942/14(1) തിയതി 15.3.15 പ്രകാരം ലഭിച്ച തുക 1487146/- ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
IV) രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP2 പ്രകാരം (-)699348 രൂപ വരവുണ്ട്. അന്വേഷണത്തിൽ ഈ തുക തെറ്റായി ചേർത്താണെന്നറിയിച്ചിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.
*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 159296677.81 |
| വരവ് | 332393335 |
| ആകെ | 491690012.81 |
| ചെലവ് | 449003995 |
| നീക്കിയിരിപ്പ് | 42686017.81 |

തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല. തനത് വരുമാനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ നഗരസഭയ്ക്ക് കഴിയുന്നില്ല. ബാലൻസ് ഷീറ്റ് പ്രകാരം 2015-16 വർഷത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 32621649 |
| തൊഴിൽ നികുതി | 950667 |
| ഡി.& ഒ. ലൈസൻസ് ഫീ | 883 |
| വാടക | 6675157 |
| മറ്റുവരവുകൾ | 5873319 |
| ആകെ | 4,61,21,675 |

വസ്തു നികുതിയിനത്തിൽ 3,26,21,649രൂപ പിരിച്ചെടുക്കാന വശേഷിക്കുന്നു. വസ്തു നികുതി കുടിശ്ശിക ഓരോ വർഷവും വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2014-15 വർഷവും മൂന്നു കോടി രൂപയിലധികം പിരിച്ചെടുക്കാനുണ്ടായിരുന്നു. തൊഴിൽ നികുതിയിനത്തിലും ഒൻപത് ലക്ഷത്തിലധികം പിരിച്ചെടുക്കാനുണ്ട്. ലൈസൻസ് ഫീസിനത്തിൽ കുടിശ്ശിക സൂചിപ്പിക്കുന്നത് ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നുവെന്നാണ്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. വാടകയിനത്തിൽ 66,75,157രൂപയാണ് പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നത്. വാടകയിനത്തിലും കുടിശ്ശിക തുക വർദ്ധിച്ചുവരുന്നു. മുൻ വർഷത്തിൽ 56,22,510 രൂപയാണ് പിരിച്ചെടുക്കുവാൻ ബാക്കിയുണ്ടായിരുന്നത് നഗരസഭയുടെ കെട്ടിടങ്ങൾ വാടകക്കെടുത്ത് വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ നിയമാനുസരണമുള്ള നടപടി സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തനതു വരുമാനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | Transfer Credit Amount | Surrender Amount /Lapse Amount |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 12556895 | 50085420 (T.C) | 62642315 | 34322427 | 0 | | 28319888 |
| വികസന ഫണ്ട് എസ്.സി.പി. | 22699854 | 14442760+ 22377753 | 37142614 + 22377753 | 22547101 | 0 | 14595513 | 22377753 |
| വിക | 0 | 0 | 0 | 0 | 0 | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| സന ഫണ്ട് ടി. എസ്. പി. | | | | | | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 3915990 | 22607000 | 26522990 | 23389599 | 0 | - | 3133391 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 5758747 | 10979000 | 16737747 | 10390890 | 0 | - | 6346857 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22423861 | 35396875 + 39913660 | 57820736 + 39913660 | 17907076 | 0 | 35489907 | 39913660 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | - | - |
| AU EGS | 2941221 | 4162483 | 7103704 | 2370485 | 4733219 | - | - |
| ബി ഫണ്ട് | 0 | 40444670 | 40444670 | 40444670 | 0 | - | - |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 206028228 | 212 | 108557023 | 7 | 14 | 90.99 |

.ഏറ്റെടുത്ത പദ്ധതികൾ മുഴുവൻ നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ ആസൂത്രണ തലത്തിൽ തന്നെ കൃത്യമായി വിശകലനം നടത്തി നടപ്പിലാക്കുവാൻ കഴിയും എന്ന് ഉറപ്പ് വരുത്തി ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 128574876 | 145946645 | 17371769 | (+)13.51% |
| നികുതിയേതര വരവുകൾ | 71582976 | 70741210 | (-)841766 | (-)1.1% |
| മറ്റുവരവുകൾ | 5971326 | 1825861 | (-)4145465 | (-) 69.42 |
| ആകെ | 206129178 | 218513716 | 12384538 | (+)6.00% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 180000 | 99 |
| കർഷകതൊഴിലാളി പെൻഷൻ | 2944800 | 428 |
| വിധവാപെൻഷൻ | 14453600 | 1841 |
| വാർദ്ധക്യകാലപെൻഷൻ | 10183800 | 2055 |
| വികലാംഗപെൻഷൻ | 3121600 | 480 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 360000 | 12 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 260000 | 43 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.1.2017 ൽ 3pm ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 139809/ രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1.ഇൻക്യുബൻസി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ പേരും മേൽ വിലാസവും എഴുതി സൂക്ഷിക്കാത്തതിനാൽ ജീവനക്കാർ സ്ഥലം മാറി പോകുകയാണെങ്കിൽ ഈ ജീവനക്കാരുമായി കത്തിടപാടുകൾ നടത്തുന്നതിന് കഴിയാതെ വരുന്നു. രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
3.സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. ആയത് പാലിക്കേണ്ടതാണ്.
4.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ ഡെപ്പോസിറ്റ് റീഫണ്ടിന്റെ

കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിൽ സാധിച്ചില്ല.രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.6.2016 | 2015-16 Ist half | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.6.2014 മുതൽ 28.6.2014 വരെ | 2010-11മുതൽ 2013-14 വരെ | 30.7.2014 |

# 1-12 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

1. രസീത് നമ്പർ 613/61297 മുതൽ 613/61300 വരെയുള്ള വരവ് 3347/ രൂപ (720+1712+186+729) ഒ.ഡി സി റജിസ്റ്ററിൽ ചേർത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 25.1.2017 ലെ 1/11602131555 പ്രകാരം അടവാക്കിയിട്ടുണ്ട്.
2. രസീത് നമ്പർ 615/75 പ്രകാരമുള്ള 682/ രൂപ ഒ.ഡി.സി. റജിസ്റ്ററിൽ ചേർത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 25.1.2017 ലെ രസീത് 1/11602131579 പ്രകാരം അടവാക്കിയിട്ടുണ്ട്.

പിരിച്ചെടുക്കുന്ന പണം കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 കെട്ടിട നികുതി - അപാകതകൾ

1. വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, വസ്തു നികുതി അരിയർ ഡിമാന്റ് റജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയിട്ടില്ല.
2. 2011 -ലെ വസ്തു നികുതി ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് 14-1-2011 മുതലും നിലവിലുള്ള നികുതിദായകർക്ക് 1-4-12013 മുതലും ബാധകമാണെങ്കിലും നിലവിലുള്ള നികുതിദായകർക്ക് വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വസ്തു നികുതി നിർണ്ണയത്തിനായി പുതിയചട്ടങ്ങൾ പ്രകാരമുള്ള രജിസ്ററർ ഉപയോഗിയ്ക്കുന്നില്ല. വസ്തു നികുതി നിർണ്ണയത്തിനാവശ്യമായ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് രജിസ്ററർ തയ്യാറാക്കേണ്ടതാണ്.
4. സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിലെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

<u>വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്ക് ഈടാക്കിയതു മൂലം വസ്തു നികുതി ഡിമാന്റിലുണ്ടായ നഷ്ടം – 53,112/- രൂപ</u>

| നം | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിരക്ക് @75 | അടി സ്ഥാന | വർധന വിനും | നികുതി | വർധ ന | വാർ ഷിക | 2015-2016 |
|---|---|---|---|---|---|---|---|---|---|

| | | | /above 100 m2/ | നികുതി | ഇളവിനും ശേഷം നിർണ്ണയി ക്കേണ്ട നികുതി | നിർ ണ്ണ യിച്ച നിരക്ക് @ 50 /upto 100 m2 | യ്ക്ക് ശേഷം നിർണ്ണ യിച്ച നികുതി | നികുതി നഷ്ടം | സാമ്പ ത്തിക വർഷ ത്തി ലെ നഷ്ടം |
|---|---|---|---|---|---|---|---|---|---|
| 1 | 10/293(2) കെ പി ജോസഫ് | 135.2 | 75 | 10140 | 12168 വർധ നവ് 20% | 50 | 8112 | 4056 (II nd Half only) | 2028 |
| 2 | 11/301-C ബോണിയ സുജ രാജു | 200 | 75 | 15000 | 16500 വർധ നവ് 20% ഇളവ് 10% | 20 വ്യവ സായ ആവ ശ്യത്തി നുള്ള ഷെഡ്ഡി നുള്ള നിരക്ക് | 4860 | 11640 (I& II nd Half only) wef 1.4.2014 കുടിശ്ശിക 11640 | 11640 |
| 3 | 8/815-MV 1 മോട്ടി ഉമ്മൻ എബ്രഹാം | 144.21 | 75 | 10816 | 12979 വർധ നവ് 20% | - | 4860 | 8119 (I& IInd Half only) | 8119 |
| 4 | 1/817-D2 ബെന്നി എന്ന പോൾ | 886.75 | 75 | 66506 | 85294 വർധ നവ് 35% ഇളവ് 5% | 35 തിയ റ്റർ, കല്യാ ണ മണ്ഡ പം എന്നിവ യ്ക്കുള്ള നിരക്ക് | 39878 | 45416 (IInd Half only) | 22708 |
| 5 | 6/105-A ജോഷി ജോർജ് | 278.96 | 75 | 20922 | 23014 വർധ നവ് 20% ഇളവ് 10% | 20 വ്യവ സായ ആവശ്യ ത്തി നുള്ള ഷെഡ്ഡി നുള്ള നിരക്ക് | 6417 | 16597 (II nd Half only) | 8299 |
| 6 | 6/105-A1 ജോഷി ജോർജ് | 18 | 50 | 900 | 990 വർധ നവ് 20% ഇളവ് 10% | 20 വ്യവ സായ ആവശ്യ ത്തി | 355 | 635 (II nd Half only) | 318 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | നുള്ള ഷെഡ്യൂളിനുള്ള നിരക്ക് | | | |
| ആകെ | | | | | | | | | 53112 |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് കൂടിയ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതും കുടിശ്ശിക11640/ രൂപ അടക്കം നഷ്ടമായ 64752/ രൂപ ( 2014-15= 11640 + 2015-16 = 53112) ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

1. സർവ്വേ & ലാന്റ് റെക്കോർഡ്സ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ബാക്ക് വേർഡ് കമ്മ്യൂണിറ്റീസ് ഡെവലപ്പ്മെന്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് എന്നീ ഓഫീസുകളിലെ ജീവനക്കാരിൽ നിന്ന് 2015-16 വർഷം രണ്ടു പകുതികളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
2. ഇൻഫന്റ് ജീസസ് എൽ. പി.സ്കൂൾ, തൃക്കാക്കര എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2015-16 വർഷം രണ്ടാം പകുതിയിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
3. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-16 വർഷം രണ്ടു അർദ്ധവർഷങ്ങളിലും സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
1.ബി.എസ്.എൻ.എൽ, തൃക്കാക്കര
2.കെ.എസ്.ഇ.ബി, തൃക്കാക്കര (രണ്ടാം പകുതി മാത്രം)
3. മാവേലി സ്റ്റോർ, തൃക്കാക്കര .
4.കാനറ ബാങ്ക്, വാഴക്കാല
5.എസ്.ബി.ഐ. സ്മാർട്ട്സിറ്റി ബ്രാഞ്ച്.
6.യുണൈറ്റഡ് ബാങ്ക് ഓഫ് ഇൻഡ്യ എൻ.ആർ ഇൻഫോപാർക്ക്
7.സൗത്ത് ഇൻഡ്യൻ ബാങ്ക്, തൃക്കാക്കര
8.യൂണിയൻ ബാങ്ക് തൃക്കാക്കര
9.എച്ച്.ഡി.എഫ്.സി ബാങ്ക് ചെമ്പുമുക്ക്
10.ജില്ലാ സഹകരണ ബാങ്ക്, തൃക്കാക്കര
4. നഗരസഭയിലെ ലിസ്റ്റ് ഓഫ് എ ക്ലാസ്സ് കോൺട്രാക്ടേഴ്സ് പ്രകാരമുള്ള 56 കരാറുകാരിൽ നിന്നും 2015-16 വർഷം രണ്ടു അർദ്ധവർഷങ്ങളിലും ബാധകമായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും ബാധകമായ തൊഴിൽ നികുതി/ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (9,11) മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ഇവരിൽ നിന്നും ബാധകമായ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.
5.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകളിൽ രസീത് നമ്പറുകൾ എല്ലാം ചേർക്കാത്തതിനാൽ രജിസ്റ്റർ അപൂർണ്ണമാണ്. രജിസ്റ്റർ പൂർണ്ണമാക്കി ഓഡിറ്റിന് നൽകുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് നൽകിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഫീ-അപാകതകൾ.

വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയോ അതുപ്രകാരം ഡി& ഒ ലൈസൻസ് രജിസ്റ്ററുകൾ തയ്യാറാക്കുകയോ ചെയ്യുന്നില്ല. ഡി& ഒ ലൈസൻസ് ഫീ അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുക മാത്രമാണ് ചെയ്യുന്നത്.ആയതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡി& ഒ ലൈസൻസ് ഫീ പിരിച്ചെടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവുന്നില്ല. ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവുകൾ റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കുന്നില്ല. ഡി& ഒ ലൈസൻസ് ഫീ ഈടാക്കുന്നതിനായി ബൈ ലോ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല. വിവിധ സ്ഥാപനങ്ങളുടെ ഡി& ഒ ലൈസൻസ് ഫീ കണക്കുന്നതിനുള്ള അടിസ്ഥാനവും പിരിച്ചെടുത്ത ഫീസും അതിന്റെ കൃത്യതയും ഉറപ്പാക്കാനാവുന്നില്ല. നഗരസഭാ പ്രദേശത്ത് പ്രവർത്തിയ്ക്കുന്ന റേഷൻ ഷോപ്പുകൾ, മാവേലി സ്റ്റോറുകൾ, ബിവറേജസ് കോർപറേഷൻ വിൽപനകേന്ദ്രം എന്നിവയിൽ നിന്ന് ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണത്തിന് ക്രമവിരുദ്ധമായി അനുമതി നൽകി.

ട്രിനിറ്റി ആർക്കേഡ് പ്രൈ.ലിമിറ്റഡ് മാമംഗലം എന്ന സ്ഥാപനത്തിന് ചിറ്റേത്തുകര, കാക്കനാട് ഭാഗത്ത് റസിഡൻഷ്യൽ അപാർട്ട്മെന്റ്സ് നിർമ്മിക്കുന്നതിനായി 21.07.15 ന് ബി.എ. 1005/12 നമ്പർ പെർമിറ്റ് റഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്. പെർമിറ്റ് റെഗുലറൈസ് ചെയ്ത നടപടികളിലെ അപാകതകളും ഫീസീടാക്കിയിതിലുണ്ടായ കുറവും സംബന്ധിച്ച് വിവരങ്ങൾ താഴെച്ചേർക്കുന്നു.

| Sy no | Area (ares) |
|---|---|
| 474/ 1 | 06.62 |
| 474/2 | 30.60 |
| 474/ 3 | 32.80 |
| 474/ 4 | 48.13 |
| 474/ 5 | 38.77 |
| 474/ 6 | 16.70 |
| 474/ 7 | 09.71 |
| 474/ 9 | 46.30 |
| 474/ 10 | 04.56 |
| 474/ 11 | 06.97 |
| Total | 241.16 |

| പ്ലോട്ടിന്റെ വിസ്തീർണ്ണം | തറ വിസ്തീർണ്ണം | എഫ്.എ.ആർ | അധിക ഫീസ് കൂടാതെ അനുവദനീയ മായ എഫ്.എ.ആർ(ച.മീറ്ററിന് 1000 രൂപ 05.02.13 വരെ) | ച.മീ.ന് 3000 രൂപ എന്ന തോതിൽ അധിക ഫീസോടു കൂടി പരമാ വധി എഫ്.എ.ആർ. (w.e.f.5.2.2013) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |

| | | | | |
|---|---|---|---|---|
| 241.16 ares x 2.47 x 40.47=24107 ച.മീ. | 106131 ച.മീ. | 106131/ 24107=4.4 | 3 | 4 |

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, റൂൾ 31 പട്ടിക രണ്ട് എ1 പ്രകാരം പെർമിറ്റ് നൽകാൻ പരിഗണിക്കാവുന്ന പരമാവധി തറ വിസ്തീർണ്ണ അനുപാതം 4 ആണ്. എന്നാൽ തറ വിസ്തീർണ്ണ അനുപാതം 4.4 ആയി റസിഡൻഷ്യൽ അപാർട്ട്മെന്റ്സ് നിർമ്മിക്കുന്നതിനായി മേൽ സ്ഥാപനത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്. അനുവദനീയമായ തറ വിസ്തീർണ്ണ അനുപാതത്തിലും കൂടുതൽ പണിയുന്നതിന് ക്രമ വിരുദ്ധമായാണ് അനുമതി നൽകിയിരിക്കുന്നത്.

| അധിക ഫീസില്ലാതെ അനുവദനീയമായ തറ വിസ്തീർണ്ണം | ബാക്കിയുള്ള തറ വിസ്തീർണ്ണം | ശരിയായ നിരക്കിൽ അധിക ഫീസ് ഈടാക്കിയ തറ വിസ്തീർണ്ണം | ബാക്കിയുള്ള തറ വിസ്തീർണ്ണത്തിന് ബാധകമായ അധിക ഫീസ് | ഈടാക്കിയ ഫീസ് | ഫീസീടാക്കിയിതിലെ കുറവ് (രൂപ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 24107x3 = 72321 | 106131-72321= 33810 ച.മീ | 76320.5-72321 =3999.5 ച.മീ. (76320.5 ച.മീ. 26.10.12 ന് റഗുലറൈസ് ചെയ്തിട്ടുണ്ട്) | 33810 – 3999.5 =29810.5 ച.മീ. 29810.5x 3000രൂപ / ച.മീ =89431500+ പെർമിറ്റ് ഫീസ് 118808 x14= 1663312 (പ്ലിന്ത് എരിയ x നിരക്ക്) ആകെ = 91094812 | 28000000 6300000 1100000 35400000 രസീത് നമ്പറുകൾ യഥാക്രമത്തിൽ 11502500095/ 21.07.15 11502500096/ 21.07.15 11201400052/ 09.11.12 | 5,56,94,812 |

പെർമിറ്റ് ഫീസുൾപ്പടെ അധിക ഫീസായി 91094812 രൂപ ഈടാക്കേണ്ടിയിരുന്നതെങ്കിലും ആകെ ഈടാക്കിയ ഫീസ് 3,54,00,000 രൂപയാണ്. കുറവ് 5,56,94,812 രൂപ.
ഈ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തി.17.1.2017)

തൃക്കാക്കര നഗരസഭയിൽ 06.11.2006 -ലാണ് നഗരസഭാ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നതെന്നും 24.10.2006 ന് തൃക്കാക്കര ഗ്രാമപഞ്ചായത്ത് എൻ.ഒ.സി. നൽകിയ ഈ കെട്ടിടത്തിന് നഗരസഭാ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമല്ലയെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കേരള സർക്കാർ തൃക്കാക്കര നഗരഭയ്ക്ക് നൽകിയ 03.07.2007 ലെ തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ് 37348 /ആർ.ബി1/07 /ത.സ്വ.ഭ.വ നം സ്പഷ്ടീകരണ ഉത്തരവ് പ്രകാരം

1. കേരള കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിക്കൊണ്ടുള്ള ഉത്തരവ് 06.11.2006 ൽ പ്രാബല്യത്തിൽ വന്നതിനാൽ , 01.08.2006 മുതൽ എൻ.ഒ.സി ലഭിച്ചതും അല്ലാതെയും നിർമ്മാണം നടക്കുന്നതുമായ കെട്ടിടങ്ങളേക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ലൊക്കേഷൻ പ്ലാൻ, ബിൽഡിംഗ് പ്ലാൻ, സെക്ഷൻ, എലിവേഷൻ, പ്ലിന്ത് ഏരിയ, നിലകളുടെ എണ്ണം, എഫ്.എ.ആർ കവറേജ് സഹിതം പഞ്ചായത്ത് സെക്രട്ടറി ശേഖരിക്കേണ്ടതും കൂടാതെ കെട്ടിടത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയേക്കുറിച്ചറിയുന്നതിന് കെട്ടിടത്തിന്റെ പല ദിശകളിൽ നിന്നുള്ള ഫോട്ടോകളും ശേഖരിക്കേണ്ടതാണ്. എന്നാൽ എൻ.ഒ.സി രജിസ്റ്ററല്ലാതെ ഫോട്ടോകളുൾപ്പടെയുള്ള മറ്റു രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.എത്ര വിസ്തീർണ്ണത്തിനാണ് എൻ.ഒ.സി നൽകിയിരിക്കുന്നത് എന്ന് എൻ.ഒ.സി. യിൽ രേഖപ്പെടുത്തിയിട്ടുമില്ല.
2. 01.08.2006 മുതൽ എൻ.ഒ.സി. ലഭിച്ചതും അല്ലാതെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എല്ലാ കെട്ടിടങ്ങളേക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നിർമ്മാണത്തിന്റെ സ്ഥിതി അന്വേഷണ ഉദ്യോഗസ്ഥൻ (അസി.എൻജിനീയർ/ ഓവർസീയർ) സ്ഥലപരിശോധന നടത്തി തീയതി സഹിതം സർട്ടിഫൈ ചെയ്യേണ്ടതുമാണ്. എന്നാൽ ഈ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
3. എൻ.ഒ.സി ലഭിച്ചതും എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങൾ കെ.എം.ബി.ആർ പ്രകാരം നിർമ്മാണാനുമതി വാങ്ങി മാത്രമേ നിർമ്മിക്കാൻ പാടുള്ളൂ. മുകളിൽ പറഞ്ഞിട്ടുള്ള ഫോട്ടോകളുൾപ്പടെയുള്ള വിവരങ്ങൾ സൂക്ഷിക്കാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ടായരുന്നോയെന്ന് ഉറപ്പാക്കാനായിട്ടില്ല.
4. എൻ.ഒ.സി വാങ്ങിച്ചിട്ടുള്ളതും എന്നാൽ ഗ്രൗണ്ട് ലെവലിന് മുകളിലേക്ക നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ കെട്ടിടങ്ങൾക്ക് കെ.എം.ബി.ആർ ബാധകമാക്കി പെർമിറ്റ് നൽകി മാത്രമേ നിർമ്മാണം അനുവദിക്കാവൂ. ഫോട്ടോകളുടെ അഭാവത്തിൽ ഗ്രൗണ്ട് ലെവലിന് മുകളിലേക്ക നിർമ്മാണം ആരംഭിച്ചിട്ടുണ്ടായരുന്നോയെന്ന് ഉറപ്പാക്കാനാകുകയില്ല.
5. നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ എൻ.ഒ.സി ലഭിച്ചതിലും കൂടുതൽ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ കെട്ടിട നിർമ്മാണ ചട്ടത്തിന് അനുസൃതമാണെങ്കിൽ മാത്രം അനുവദിക്കാവുന്നതാണ്. കെട്ടിടത്തിന് നൽകിയ എൻ.ഒ.സി യിൽ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കെട്ടിടത്തിന്റെ പ്ലാനിൽ കാണിച്ചിരിക്കുന്ന 118807.296 ച.മീറ്ററിലും കൂടിയ വിസ്തീർണ്ണമാണ് റെഗുലറൈസ് ചെയ്ത് നൽകിയിട്ടുള്ളത്.
6. കെ.എം.ബി.ആർ ബാധകമല്ലയെന്ന് പറയുമ്പോഴും കെ.എം.ബി.ആർ പ്രകാരമുള്ള എഫ്.എ.ആറിന് അധികമായ വിസ്തീർണ്ണത്തിന് ച.മീറ്ററിന് ആയിരം രൂപ നിരക്കിൽ അധിക ഫീസ് ഈടാക്കിയിട്ടുണ്ട്.

മേൽ കാരണങ്ങളാൽ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി അംഗീകരിക്കുന്നില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

## 2-5 ടൗൺഹാൾ വാടക പിരിവ് - രജിസ്റ്ററുകൾ കൃത്യമല്ല.

ടൗൺഹാൾ വാടകയ്ക്ക നൽകുന്നത് സംബന്ധിച്ച് 11/7/2014 ൽ ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ബുക്കിംഗ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ല. അക്കാരണത്താൽ തന്നെ ഒരേ ദിവസത്തേയ്ക്ക് ഒന്നിൽ കൂടുതൽ ബുക്കിംങ്ങുകൾ

സ്വീകരിക്കുകയും വീഴ്ച മനസ്സിലാക്കുമ്പോൾ അവസാനം ബുക്കുചെയ്ത വ്യക്തിക്ക് തുക തിരികെ നല്കുകയും ചെയ്തിട്ടുണ്ട്. (30-4-2016 ലേക്ക് ശ്രീ.സി.കെ. നാസർ, ശ്രീ. മുഹിദ് എന്നീ വ്യക്തികളിൽ നിന്ന് ബുക്കിംങ് തുക സ്വീകരിക്കുകയും പിന്നീട് ശ്രീ. മുഹിദിന് തുക തിരികെ നല്കുകയും ചെയ്തു.)

ടൗൺഹാൾ ബുക്കുചെയ്യുമ്പോൾ നൽകുന്ന രസീതിൽ പലതിലും ഏത് തിയതിയിലേക്കാണ് ബുക്കിംങ് നടത്തുന്നത് എന്നുള്ള വിവരം, 'റിമാർക്സിൽ', രേഖപ്പെടുത്തിയിട്ടില്ല (ഉദാ. രസീത് നമ്പരുകൾ 01/11502123347 18-11-15, ). ഇപ്രകാരം രേഖപ്പെടുത്താതത് രസീതുകളും ബുക്കിംങ് രജിസ്റ്ററുമായി ക്രോസ്ചെക്ക് ചെയ്യുന്നത് അസാദ്ധ്യമാക്കുന്നു.

നഗരസഭയുടെ ഒരു പ്രധാന വരുമാന മാർഗ്ഗമായ ടൗൺഹാൾ വാടക പിരിവ് ബൈലോ പ്രകാരം തന്നെ നടത്തേണ്ടതും രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 2-6 പരസ്യ നികുതി -അപാകതകൾ.

പരസ്യ നികുതി ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ ലേല തുക 815000/-രൂപയാണ്. ഇതിൽ 150000/-രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. ആദ്യ ഗഡുവായി 271667/-രൂപ 13/5/215 നം (റസീപ്റ്റ് നം-11502500055) രണ്ടാംഗഡുവായി 393333/രൂപ 11/2/16 നമാണ് (റസീപ്റ്റ് നം-11502500710) അടവാക്കിയിട്ടുള്ളത്. കരാർ പ്രകാരം ആദ്യ ഗഡുവിനു ശേഷം രണ്ടു തുല്യ ഗഡുക്കളായി ബാക്കി തുക അടവാക്കേണ്ടതായിരിന്നു. രണ്ടാംഗഡു അടയ്ക്കുന്നതിലുണ്ടായ കാലതാമസത്തിനും, തുക മുഴുവൻ ഒടുക്കാതെ സാമ്പത്തിക വർഷം മുഴുവൻ പരസ്യനികുതി പിരിച്ചെടുക്കുവാൻ കരാറുകാരനെ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുവാൻ താൽപര്യപ്പെടുന്നു.ഇക്കാര്യത്തിൽനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. കുടിശ്ശിക തുകയായ 150000/-രൂപ ഈടാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ലക്ഷ്വറി ടാക്സ് - ഈടാക്കി അടക്കുന്നില്ല

1976 ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം, വകുപ്പ് 32 പ്രകാരം (ഫിനാൻസ് ആക്ട് 2014) കൺവെൻഷൻ സെന്റർ, ഹാൾ, കല്ല്യാണ മണ്ഡപം, ഓഡിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങി ഏഴ് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിൽ നടക്കുന്ന ഓരോ പരിപാടിക്കും 3000/- മുതൽ 10000/-വരെയുള്ള തുകകൾക്ക് 10% വും, 10000/- മുതൽ 20000/- വരെയുള്ള തുകകൾക്ക് 15% വും ലക്ഷ്വറി ടാക്സ് ഈടാക്കേണ്ടതാണ്. ആയത് പ്രകാരം നഗരസഭ കമ്യൂണിറ്റി ഹാൾ 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ പരിപാടികൾക്ക് വാടകക്ക് നല്കിയിട്ടുള്ളതാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 2015-16 വർഷത്തിൽ 405345/- രൂപ വരവുണ്ട്. ഇതിന്റെ 10% തുകയായ 40534.50 രൂപ സർക്കാരിലേക്ക് ഈടാക്കി അടക്കേണ്ടതായിരുന്നു.ലക്ഷ്വറി ടാക്സ് ഈടാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. നഗരസഭയിൽ ലക്ഷ്വറി ടാക്സ് ചുമത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹാജർ പുസ്തക പരിശോധന

നഗരസഭാ ജീവനക്കാരുടെ ഹാജർ പുസ്തകത്തിലെ രേഖപ്പെടുത്തലുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹെൽത്ത് CLR ജീവനക്കാരുടെ ഡിസംബർ 2015 മാസത്തെ ഹാജർ പ്രകാരം ശ്രീമതി.

ഷംലത്ത് 13 ദിവസം മാത്രമേ ജോലിക്ക് ഹാജരായിട്ടുള്ളു. എന്നാൽ വൗച്ചർ നമ്പർ 09-1/16 പ്രകാരം ടിയാൾക്ക് ഡിസംബർ മാസം 20 ദിവസത്തെ വേതനം (20 x 377= 7540രൂപ) നല്കിയിട്ടുണ്ട്.

2. താഴെപ്പറയുന്ന ജീവനക്കാർ ചില ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. അവർക്ക് അവധി അനുവദിച്ചതിന്റെ വിവരം ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേരും തസ്തികയും | ഹാജർ/അവധി രേഖപ്പെടുത്താത്ത ദിവസങ്ങൾ |
|---|---|
| വി.ജയസുധ, സീനിയർ ക്ലർക്ക് | 01/02/2016 മുതൽ 06/02/2016 വരെ |
| നാസർ. കെ.കെ, ക്ലർക്ക് | 23/12/15, 26/12/15, 28/12/15, 29/12/15 |
| വി.ഐ.വൈജുകുമാർ, സീനിയർ ക്ലാർക്ക് | 01/03/2015 മുതൽ 31/03/2015 വരെ |

3. ഇക്ബാൽ വി.എ., അനിക്കുട്ടൻ എം.കെ എന്നീ വ്യക്തികൾക്ക് 'സബ്സ്റ്റിറ്റ്യൂട്ട് ഡ്രൈവർ' എന്ന നിലയിൽ തുക നല്കിയിട്ടുണ്ട് ( വൗച്ചർ നമ്പർ 44-2/16). എന്നാൽ അവരുടെ പേരുകൾ ദിവസ വേതനക്കാർക്കുള്ള ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുകയോ അവർ ഒപ്പു രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4. മസ്റ്റർ റോൾ മുഖേന വേതനം ലഭിക്കുന്ന ജീവനക്കാർ മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

മേൽപ്പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. അനർഹമായി നൽകിയ 2639/- (7540 – 4901) രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-2 പുതുക്കിയ ഇൻഷ്വറൻസ് പോളിസി - ലഭ്യമാക്കിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-07 BJ 3550 -ാം നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി താഴെപ്പറയുന്ന വൗച്ചർ മുഖേന പണം പിൻവലിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പരും തിയതിയും | ചെലവു വിവരം | തുക |
|---|---|---|
| 24-7/15, 16-07-15 | KL-07 BJ 3550 ലോറിയുടെ ഇൻഷ്വുറൻസ് പ്രീമിയം | 9017 |

പുതുക്കിയ ഇൻഷ്വറൻസ് പോളിസി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 9017 രൂപ തടസ്സപ്പെടുത്തുന്നു.

# 3-3 ചെലവുരേഖകൾ ഹാജരാക്കിയില്ല

2015-16 വർഷത്തെ ചെലവ് സംബന്ധിച്ച താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

| ക്രമ നം. | ചെലവുവിവരം | ഫയൽ നമ്പർ | തുക | ചെക്ക് നമ്പരും തിയതിയും | ഹാജരാ ക്കേണ്ട രേഖ |
|---|---|---|---|---|---|
| 1. | ചെമ്പ്മുക്ക് ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചാർജ്ജായി N Lite ന് | E2- 21029 /14 | 40112 | 109149/ 7-4-15 | സ്ഥാപന ത്തിന്റെ ബില്ല് |

| | | | | | |
|---|---|---|---|---|---|
| | നല്കിയതുക | | | | |
| 2 | നഗരസഭാ കെട്ടിടത്തിൽ ബോർവെൽ സ്ഥാപിച്ചതിന്റെ ചെലവ് | E1-7633/15 | 167599 | 109817/ 05-05-15 | പ്രവൃത്തിയുടെ ഫയലും ടെണ്ടർ രേഖകളും |
| 3 | ഫോട്ടോപതിച്ച കരട് വോട്ടർപട്ടിക തയ്യാറാക്കിയതിന് HVO മാർക്ക് നല്കാൻ പിൻവലിച്ച തുക | C1-13191/14 | 67500 | 109851/ 12-05-15 | HVO മാർക്ക് തുക നല്കിയതിന്റെ രേഖകൾ |
| 4 | മഴക്കാലപൂർവ്വ ശുചീകര ണ പ്രവർത്തനങ്ങ ൾക്കായി 43 ഡിവിഷനുകളി ലേക്ക് അനുവദിക്കുന്ന തുക | H1-11533/12 | 2100000 | 125229/ 27-05-15 | ചെലവു രേഖകൾ |
| 5 | മുൻപഞ്ചായത്ത് ജീവന ക്കാരുടെ ശമ്പള പരിഷ്കരണ കുടിശിക | - | 277319 | 125325/ 19-06-15 | കുടിശിക സ്റ്റേറ്റ്മെന്റ്, കൈപ്പറ്റ് സീത് |
| 6 | ബയോഗ്യാസ്പ്ലാന്റ്, പൈപ്പ് കംപോസ്റ്റ് എന്നിവ നഗരസഭയ്ക്ക് സപ്ളൈ ചെയ്തവകയിൽ KAICO യ്ക്ക് നൽകിയ തുക | H1-10812/12 | 997952 | 21500412/ 23-06-15 | സ്റ്റോക്ക് എൻട്രി, വിതരണ രേഖകൾ, നിലവിലെ പ്രവർത്തന ക്ഷമത സംബന്ധിച്ച റിപ്പോർട്ട് |
| 7 | നഗരസഭയിൽ ബയോ ടെക്കിന്റെ മേൽനോട്ട ത്തിൽ പ്രവർത്തിച്ചുവരുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ 1/12/14 മുതൽ 28/2/15 വരെയുള്ള പ്രവർത്തന ചെലവ് ഡയറക്ടർ, ബയോടെക്ക്, തിരുവനന്തപുരത്തിന് നല്കിയതുക | H1-14151/11 | 2,07,000 | 125620/ 28-10-15 | ബയോടെക്കുമായി ഒപ്പുവെച്ച കരാർ, ബയോടെക്ക് നല്കിയ രസീത്, ബയോഗ്യാസ് പ്ലാന്റി ന്റെ നിലവിലെ പ്രവർത്തന ക്ഷമത സംബന്ധിച്ച റിപ്പോർട്ട്. |
| ആകെ | | | 38,57,482 | | |

## 3-4 നഗരസഭാ സെക്രട്ടറിക്ക് ക്വോർട്ടേഴ്സ് വാടക

ഓഡിറ്റ് കാലയളവിൽ നഗരസഭാ സെക്രട്ടറിക്ക് ക്വോർട്ടേഴ്സ് വാടക ഇനത്തിൽ താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| വാടക നല്കിയ കാലയളവ് | തുക | ചെക്ക് നമ്പരും / തിയതിയും |
|---|---|---|
| മാർച്ച് 2015 | 9500 | 109760 /16-4-15 |
| ഏപ്രിൽ 2015 | 9500 | 109802/ 2-5-15 |
| 1/5/15 – 18/5/15 | 5516 | 125287/ 15-6-15 |
| ആകെ | 24516 രൂപ | |

ക്വോർട്ടേഴ്സ് വാടക അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നമ്പർ 14തി. 19.1.2017)നല്കിയെങ്കിലും ഹാജരാക്കിയില്ല. 11/2/14 ൽ കൂടിയ നഗരസഭാ കൗൺസിലിന്റെ 12-ാം തീരുമാനമായാണ് ഇപ്രകാരം വാടക അനുവദിക്കുന്നത്. സർക്കാർ അംഗീകാരത്തിന്റെ അഭാവത്തിൽ, വാടക നല്കിയ 24516 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പൊതുടാപ്പുകളുടെ എണ്ണം - സംയുക്തപരിശോധന നടന്നിട്ടില്ല.

നഗരസഭാ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് കത്തുകൾ നല്കിയിട്ടുണ്ടെങ്കിലും (ഇ2-3279/11 നമ്പരായി 21,10.15, 28/04/16, 21/07/16 എന്നീ തിയതികളിൽ) നാളിതുവരെ സംയുക്തപരിശോധന നടന്നിട്ടില്ല. നിലവിൽ 383638 രൂപ വീതം പ്രതിമാസം (584 ടാപ്പിന് 7884 രൂപ വാർഷിക നിരക്കിൽ) പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നഗരസഭ ഒടുക്കുന്നുണ്ട്. വിവിധ ഡിവിഷനുകളിലെ പൈപ്പ് ലൈൻ നീട്ടുന്നതിനായി പ്രതിവർഷം വളരെയേറെ തുക നഗരസഭ വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ടെങ്കിലും അതിന് ആനുപാതികമായ കുറവ് പൊതുടാപ്പുകളുടെ എണ്ണത്തിൽ വന്നിട്ടില്ല. സംയുക്തപരിശോധന എത്രയും വേഗം നടത്തേണ്ടതും നിലവിലുള്ള /പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് മാത്രമാണ് നഗരസഭ വെള്ളക്കരം ഒടുക്കുന്നത് എന്നത് ഉറപ്പാക്കേണ്ടതുമാണ്.

## 3-6 വെട്ടിമാറ്റിയ മരങ്ങളുടെ ലേലവിവരം ലഭ്യമാക്കിയില്ല

അപകടാവസ്ഥയിലുള്ള മരങ്ങൾ വെട്ടിമാറ്റുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വിജേഷിന് 3,87,000 രൂപ (ചെക്ക് നമ്പരുകൾ 125413/27-7-15, 125442/6-8-15, 125498/25-8-15) അഡ്വാൻസ് ആയി നല്കുകയും പ്രസ്തുത തുക വൗച്ചറുകൾ ഹാജരാക്കി അഡ്ജസ്റ്റ് ചെയ്തത് 23-11-15 ലെ കൗൺസിലിൽ 2-ാം നമ്പർ തീരുമാനമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ രേഖകളും ലേലതുക നഗരസഭാ ഫണ്ടിൽ വരവുവന്നതിന്റെ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14 തി. 19.1.2017) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. അതിനാൽ 3,87,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - നിലവിലുള്ളതിൽ

## കൂടുതൽ ലൈറ്റുകൾക്ക് പണം നല്കി

2015-16 വർഷത്തേയ്ക്ക് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് തെരഞ്ഞെടുത്തത് അബൂബേക്കർ, പ്രശാന്ത് എന്നിവരെയാണ്. നഗരസഭയിലുള്ള ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും കരാറുകാർ ഏറ്റെടുത്ത നിരക്കും താഴെക്കൊടുക്കുന്നു.

| തെരുവുവിളക്കുകളുടെ ഇനം | എണ്ണം | ഏറ്റെടുത്ത നിരക്ക് |
|---|---|---|
| ട്യൂബ് ലൈറ്റ് | 4914 | 410 (ഒരെണ്ണത്തിന്) |
| സി.എഫ്.എൽ | 2443 | 400 (ഒരെണ്ണത്തിന്) |
| സോഡിയം വേപ്പർ ലാമ്പ് | 1291 | 949 (ഒരെണ്ണത്തിന്) |
| ആകെ എണ്ണം | 8648 | |

കരാറുകാർക്ക് വിവിധ ബില്ലുകൾ വഴി അനുവദിച്ചിരിക്കുന്ന തുകകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| കരാറുകാരന്റെ പേര് | ഒന്നാം ബില്ലിൽ അനുവദിച്ചത് | രണ്ടാം ബില്ലിൽ അനുവദിച്ചത് | മൂന്നാം ബില്ലിൽ അനുവദിച്ചത് |
|---|---|---|---|
| അബൂബേക്കർ | 383314രൂപ, (ചെക്ക് നം.122610/ 21-10-15) | 668459രൂപ, (ചെക്ക് നം.1025540 /11-02-16) | 803093രൂപ, (ചെക്ക് നം.148912/ 05-05-16) |
| പ്രശാന്ത് | 383314രൂപ, (ചെക്ക് നം.122609 /21-10-15) | 669326രൂപ, (ചെക്ക് നം.125978/ 19-02-16) | 814587രൂപ, (ചെക്ക് നം.148911/ 05-05-16) |

കരാറുകാർക്ക് വിവിധ ബില്ലുകൾ വഴി അനുവദിച്ചിരിക്കുന്ന ലൈറ്റുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| കരാറുകാരന്റെ പേര് | ഒന്നാം ബില്ലിൽ അനുവദിച്ചത് | | | രണ്ടാം ബില്ലിൽ അനുവദിച്ചത് | | | മൂന്നാം ബില്ലിൽ അനുവദിച്ചത് | | | ആകെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | Tube | CFL | Sodium | Tube | CFL | Sodium | Tube | CFL | Sodium | |
| അബൂബേക്കർ | 614 | 305 | 949 | 1190 | 353 | 302 | 1243 | 581 | 410 | 5947 |
| പ്രശാന്ത് | 614 | 305 | 949 | 1161 | 353 | 343 | 1248 | 474 | 470 | 5917 |
| ആകെ | 1228 | 610 | 1898 | 2351 | 706 | 645 | 2491 | 1055 | 880 | 11864 |

ആകെ മെയിന്റനൻസ് നടത്തിയ ലൈറ്റുകളുടെ നിലവിലുള്ളതിനേക്കാൾ 3216 (11864-8648) എണ്ണം കൂടിയതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (നം.35 തി. 24.1.2017) മറുപടിയിൽ കൗൺസിൽ തീരുമാനം 22.9.2015(109) പ്രകാരം കൗൺസിലർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ലൈറ്റുകൾ വന്നിട്ടുള്ളത് നിജപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. ഈ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ മെയിന്റനൻസ് ഇനത്തിൽ 2015-16 വർഷത്തിൽ ചെലവഴിച്ച 21,04,413 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല.

നഗരസഭയിൽ നിലവിലുണ്ടായിരുന്ന നാല് ബയോഗ്യാസ് പ്ലാന്റുകളിൽ രണ്ടെണ്ണത്തിന്റെ പ്രവർത്തനം 2015 മാർച്ച് മാസം മുതലും ബാക്കി രണ്ടെണ്ണത്തിന്റേത് 2015 ജൂലൈ മുതലും നിലച്ചിരിക്കുകയാണ്. പ്രസ്തുത ബയോഗ്യാസ് പ്ലാന്റുകളുടെ നടത്തിപ്പിന് ബയോടെക്കുമായി ചമച്ചിരുന്ന കരാറിന്റെ കാലാവധി 31/03/2015 ൽ അവസാനിച്ചതിനെത്തുടർന്ന് കരാർ പുതുക്കുന്നതിന് 31/03/2015 ലെ 5-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ

തീരുമാനിച്ചിരുന്നെങ്കിലും ഓഡിറ്റ് തിയതിവരെ ബയോടെക്കുമായുള്ള കരാർ പുതുക്കുകയോ പുതിയ കരാറുകാരെ കണ്ടെത്തുകയോ ചെയ്തിട്ടില്ല. കാക്കനാട് മാർക്കറ്റ്, എൻ.ജി.ഓ ക്വാർട്ടേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ്, എൻ.ജി.ഓ ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലെ ശുചിത്വമുറപ്പാക്കുന്നതിനായി നഗരസഭ പണികഴിപ്പിച്ച ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിനു വേണ്ട തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-9 നിരീക്ഷണ ക്യാമറകൾ പ്രവർത്തനരഹിതം - 569988 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാലിന്യം പൊതുനിരത്തിൽ നിക്ഷേപിക്കുന്നത് നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി ഇടച്ചിറ, മുനിസിപ്പൽ പാർക്ക്, പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ്, ഈച്ചമുക്ക് എന്നിവിടങ്ങളിൽ നിരീക്ഷണ ക്യമറകൾ സ്ഥാപിച്ചതിന് സൂര്യ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് 569988 രൂപ (വൗച്ചർ നമ്പർ 24-9/15, തി.14/09/15) നല്കിയിട്ടുണ്ട്. നഗരസഭയുമായി 3/8/2015 ൽ ചമച്ച കരാർ പ്രകാരം ക്യമറകൾ സ്ഥാപിച്ച് ഒരു വർഷത്തേയ്ക്ക് സർവ്വീസും മേൽനോട്ടവും നടത്തുന്നതാണെന്ന് സൂര്യ അസോസിയേറ്റ്സ് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ കേവലം ഒരാഴ്ച മാത്രമാണ് പ്രസ്തുത ക്യാമറകൾ കൃത്യമായ രീതിയിൽ പ്രവർത്തിച്ചത്. ക്യമറകൾ പ്രവർത്തനക്ഷമമാക്കണമെന്ന് നഗരസഭ പലവട്ടം ആവശ്യപ്പെട്ടിട്ടും സ്ഥാപനം പ്രതികരിക്കാതിരുന്നതിനാൽ 14/12/15 ൽ എ1-16592/14 നമ്പരായി കാരണം കാണിക്കൽ നോട്ടീസ് നഗരസഭ സ്ഥാപനത്തിന് അയച്ചിരുന്നു. പ്രസ്തുത നോട്ടീസിന് സൂര്യ അസോസിയേറ്റ്സ് ഹാജരാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കൗൺസൽ അഡ്വ. ഷാനവാസ് ഖാൻ നൽകിയ നിയമോപദേശത്തിൽ, നഷ്ടം ഈടാക്കുന്നതിനായി സ്ഥാപനത്തിനെതിരെ സിവിൽകേസ് രജിസ്റ്റർ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. 569988 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 കമ്പ്യൂട്ടർ പരിശീലനം - രേഖകൾ ഹാജരാക്കിയില്ല.

അംബേദ്കർ അയ്യൻകാളി തൊഴിൽ പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടർ പരിശീലനം നല്കിയതിന് കളമശ്ശേരി എൽ.ബി.എസ്. സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തിന് 158500 രൂപ (ചെക്ക് നമ്പർ 109773, തി. 22/04/2015) നല്കിയിട്ടുണ്ട്. DOEA (26പഠിതാക്കൾ), DTP (23പഠിതാക്കൾ) എന്നീ കോഴ്സുകളിലാണ് പരിശീലനം നൽകിയത്.

ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് ലഭിച്ച ഡി.പി.സി. അംഗീകാരം, സ്ഥാപനവുമായി ഒപ്പു വെച്ച കരാർ, പഠിതാക്കളുടെ അറ്റൻഡൻസും യോഗ്യതാ രേഖകളും, LBS തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 14 തി.19.1.2017)നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. അതിനാൽ 158500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പ്രോജക്ടുകൾ

I) സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം. | S019/15-16 |
| അടങ്കൽ | 500000/- |
| ചെലവ് | 500000/- (Maintenance Grant NR) |
| ബിൽ നം. | 1)10/15-16തീ.30/03/16 Amt.500000/- |

താഴെ പ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം / രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക രൂ. 500000/- തടസ്സപ്പെടുത്തുന്നു
1) മറ്റ് സ്കൂളുകളിൽ നിന്നും ഫർണിച്ചറിന്റെ ആവശ്യകത സംബന്ധിച്ച ലിസ്റ്റ്.
2) സ്റ്റോക്ക് രജിസ്റ്റർ/ ഫർണിച്ചർ വിതരണം ചെയ്തതിന്റെ വിശദാംശം
3) SIDCO തുക കൈപ്പറ്റിയ രസീത്
4) SSA പ്രകാരം ഫർണിച്ചർ വാങ്ങുന്നതിനായി പ്രോജക്റ്റുകൾ നടപ്പാക്കിയില്ല എന്ന സാക്ഷ്യപത്രം.
II) സർക്കാർ സ്കൂളുകൾക്ക് ലാബ് നവീകരണം

| | |
|---|---|
| പ്രോജക്ട് നം. | S021/15-16 |
| അടങ്കൽ | 300000/- |
| ചെലവ് | 278928/-(Maintenance Grant NR) |
| ബിൽ നം. | 1)9/15-16തീ.30/03/16 Amt.278928/- |

താഴെ പ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം/ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക രൂ.278928/- തടസ്സപ്പെടുത്തുന്നു
1)മറ്റ് സ്കൂളുകളിൽ നിന്നും ഫർണിച്ചർ/ ലാബ് ഉപകരണങ്ങളുടെ ആവശ്യകത സംബന്ധിച്ച ലിസ്റ്റ്.
2) ഈ പ്രോജക്റ്റിൽ ഫർണിച്ചർ വാങ്ങുന്നതിനായി അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തതാണ്. എന്നാൽ159385/-രൂപയുടെഫർണിച്ചർ വാങ്ങിയിട്ടുണ്ട്. അംഗീകാരമില്ലാതെ പ്രോജക്റ്റ് വ്യതിയാനം വരുത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ( പ്രോജ. നം19/2015-16പ്രകാരം ഫർണിച്ചർ വാങ്ങുന്നതിനായി പ്രോജക്റ്റ് പ്രത്യേകം നടപ്പാക്കിയിട്ടുള്ളതാണ് )
3)ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെ വിശദാംശം
4)സ്റ്റോക്ക് രജിസ്റ്റർ , ഫർണിച്ചർ /ലാബ് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശം
4)ഫർണിച്ചർ നല്കിയതു സംബന്ധിച്ച SIDCO തുക കൈപ്പറ്റിയ രസീത്.
III) സർക്കാർ സ്കൂളുകൾക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം. | S023/15-16 |
| അടങ്കൽ | 279007- |
| ചെലവ് | 279007/-(Maintenance Grant NR) |
| ബിൽ നം. | 1)8/15-16തീ.30/03/16 Amt.279007/- |

താഴെ പ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം/ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക രൂ.279007/- തടസ്സപ്പെടുത്തുന്നു
1)ഈ പ്രോജക്റ്റിൽ ഫർണിച്ചർ വാങ്ങുന്നതിനായി അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തതാണ്. എന്നാൽ154007/-രൂപയുടെഫർണിച്ചർ വാങ്ങിയിട്ടുണ്ട്. അംഗീകാരമില്ലാതെ പ്രോജക്റ്റ് വ്യതിയാനം വരുത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (19/2015-16പ്രകാരം ഫർണിച്ചർ വാങ്ങുന്നതിനായി പ്രോജക്റ്റ് പ്രത്യേകം നടപ്പാക്കിയിട്ടുണ്ട്)
2) ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെ വിശദാംശം
3)സ്റ്റോക്ക് രജിസ്റ്റർ , ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചർ വിതരണം ചെയ്തതിന്റെ വിശദാംശം
4)ഫർണിച്ചർ നല്കിയതു സംബന്ധിച്ച SIDCO തുക കൈപ്പറ്റിയ രസീത്.
IV)അംഗീകൃത ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം. | S0104/15-16 |
| അടങ്കൽ | 100000- |
| ചെലവ് | 100000/- |
| ബിൽ നം. | 1)5/15-16തീ.30/03/16 Amt.100000/- |

താഴെ പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം/ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക രൂ.100000/- തടസ്സപ്പെടുത്തുന്നു

1) പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകൃത ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് HM നിർവ്വഹണം ചെയ്യുന്നതിന് ചുമതലയിൽപ്പെട്ടതല്ല.
2) ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെ വിശദാംശം
3)സ്റ്റോക്ക് രജിസ്റ്റർ , ലൈബ്രറി പുസ്തകങ്ങൾ, വിതരണം ചെയ്തതിന്റെ വിശദാംശം
4)അംഗീകൃത ലൈബ്രറികൾ പുസ്തകങ്ങൾ കൈപ്പറ്റിയതിന്റെ വിശദാംശം
5) ലൈബ്രറികളുടെ ലൈബ്രറി കൌൺസൽ അംഗീകാരത്തിന്റെ സാക്ഷ്യപത്രം

V)അതുല്യം -തുടർ വിദ്യാഭ്യാസ പരിപാടി

| | |
|---|---|
| പ്രോജക്ട് നം. | S0193/15-16 |
| അടങ്കൽ | 85250- |
| ചെലവ് | 79415/- |
| ബിൽ നം. | 1)7/15-16തീ. 30/03/16 Amt.79415/- |

താഴെ പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം/ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക രൂ.79415/- തടസ്സപ്പെടുത്തുന്നു

1) തുടർ വിദ്യാഭ്യാസ പരിപാടിയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ വിശദാംശം
2) ഗുണഭോക്താക്കൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ വിശദാംശം
3) ജില്ലാ പഞ്ചായത്ത് അതുല്യം -തുടർ വിദ്യാഭ്യാസ പരിപാടി നടപ്പാക്കിയിട്ടുള്ളതാണ്. പങ്കെടുത്ത ഗുണഭോക്താക്കൾ അതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

VI) SSA വിഹിതം

| | |
|---|---|
| പ്രോജക്ട് നം. | S024/15-16 |
| അടങ്കൽ | 1000000/- |
| ചെലവ് | 935485/- |
| ബിൽ നം. | 1)1/15-16തീ.30/11/15 Amt.935485/- |

1)ചെലവുകളുടെ വിശദാംശം /വിനിയോഗ സാക്ഷ്യപത്രം ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല . ചെലവ് തുകയായ രൂ.935485/- തടസ്സപ്പെടുത്തുന്നു.

# 3-12 കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ-നഗരസഭയ്ക്ക് നഷ്ടം

1) ശരിയായ നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കാഞ്ഞതു മൂലം നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | S0017/16 |
| പ്രോജക്ടിന്റെ പേര് | സമഗ്ര തെങ്ങ് കൃഷി വികസനം. |

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട് – 225000<br>ഗുണഭോക്തൃ വിഹിതം- 48750<br>273750 |
| ബിൽ നം | 01/ 2015-16/ 26.03.2016 183183 രൂപ. |
| ഡി.ഡി. നം. | 578902 / 07.04.2016 107183 രൂപ. |

കൃഷി വകുപ്പിൽ പ്രാബല്യത്തിലുള്ള സബ്സിഡി മാർഗരേഖ (01.11.2013 ലെ സർക്കുലർ നം.TB(1) 47052/13) പ്രകാരം തെങ്ങിൻ തൈ വിലയുടെ 50% ധനസഹായമായി കർഷകർക്ക് നൽകാവുന്നതാണ്. വി & എഫ്. പി.സി.കെ.യുടെ 14.03.16 ലെ KBK/KKD/S-CRT/1516/635 നം. ഇൻവോയ്സ് പ്രകാരം ഒരു തൈയ്ക്ക് 150 രൂപ വീതം 34650 രൂപ വില വരുന്ന 231 തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുണ്ട്. തൈ ഒന്നിന് 75 രൂപ വീതം ഗുണഭോക്തൃ വിഹിതമായി വാങ്ങി, തൈകൾ വിതരണം ചെയ്യേണ്ടതായിരുന്നെങ്കിലും 38 രൂപ വീതമാണ് താഴെപ്പറയുന്ന കർഷകരിൽ നിന്ന് വാങ്ങി 15തൈകൾ വിതരണം ചെയ്തിരിക്കുന്നത്. ഈയിനത്തിൽ 555 രൂപയുടെ (75-38 = 37x15) നഷ്ടമുണ്ടായിട്ടുണ്ട്. ഈ നഷ്ടം നഷ്ടത്തിനുത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നം | പേര്/വിലാസം | നൽകിയ തെങ്ങിന്റെ എണ്ണം |
|---|---|---|
| 1 | മാലതി.കെ.വി<br>സൂര്യ, മാവേലിപുരം | 4 |
| 2 | സജ്ന മുഹമ്മദ്<br>എരിയക്കാട്ടുമൂല,തൃക്കാക്കര | 3 |
| 3 | അബ്ദുൾഖാദർ<br>മാനത്ത്കുറ്റിക്കാട്,തൃക്കാക്കര | 5 |
| 4 | എ.ഡി.ജെർസൺ<br>ആശാരിപറമ്പിൽ,ഉത്തിയൂർ | 2 |
| 5 | ശ്രീദേവി ഗോപിനാഥൻ<br>ഓജസ് ,മാവേലിപുരം | 1 |
| | ആകെ | 15 |

<u>2) വാങ്ങിയ നേന്ത്രവാഴവിത്തുകൾ വിതരണം ചെയ്തതിൽ വന്ന കുറവ് മൂലമുള്ള നഷ്ടം</u>

| | |
|---|---|
| പ്രോജക്ട് നം. | S0018/16 |
| | വാഴകൃഷി വികസനം. |
| അടങ്കൽ | വികസന ഫണ്ട് – 145000<br>ഗുണഭോക്തൃ വിഹിതം- 72500<br>217500 |
| ബിൽ നം. | 02/ 2015-16/ 26.03.2016 - 108549 രൂപ. |
| ഡി.ഡി. നം. | 578937 / 07.04.2016 - 96111 രൂപ. |

വി.&എഫ്. പി.സി.കെ.യുടെ 14.03.16 ലെ KBK/KKD /S-CRT /1516/ 633 നം. ഇൻവോയ്സ് പ്രകാരം ,കർഷകർക്ക് വിതരണം ചെയ്യുന്നതിനായി വാഴ ഒന്ന് 20രൂപ വെച്ച് 1430നേന്ത്രവാഴകൾ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് 1430 വാഴകളും വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 1054 വാഴകളാണ് വിതരണം ചെയ്തിരിക്കുന്നത്. വിതരണ രജിസ്റ്ററിൽ കുറവ് വന്ന 376 നേന്ത്രവാഴയുടെ വിലയായ376x20= 7520 രൂപ കൃഷി ഓഫീസറിൽ നിന്നും ഈടാക്കി

തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

# 3-13 വയോമിത്രം -സാമൂഹ്യ സുരക്ഷാമിഷന് തുക നല്കി

| | |
|---|---|
| പ്രോജക്റ്റ് നം. | S03/15-16 |
| അടങ്കൽ | 1000000(13th FC) |
| ചെലവ് | 1000000 (13th FC) |
| ബിൽ നം. | 1)5/vay/15-16തീ.15/02/16 Amt.1000000- |
| നിർവ്വഹണം | ICDS സൂപ്പർവൈസർ |

വയോമിത്രം പ്രൊജക്റ്റ് നടപ്പാക്കുന്നതിനു വേണ്ടി സാമൂഹ്യ സുരക്ഷാമിഷന് 1000000 രൂപ നൽകിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നും തുക കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 1000000 രൂപ തടസ്സപ്പെടുത്തുന്നു.

# 3-14 പട്ടികജാതി വികസനഓഫീസർ നടപ്പാക്കിയ പ്രോജക്റ്റുകൾ

1). പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

| | |
|---|---|
| പ്രോജക്റ്റ് നം. | S014/15-16 |
| അടങ്കൽ | 350000/- |
| ചെലവ് | 350000/- |
| ബിൽ നം. | 1)4/15-16തീ.11/03/16 Amt.350000- |

ഈ പ്രോജക്റ്റ് പരിശോധിച്ചതിൽ, താഴെ പ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം /രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 350000/- രൂ തടസ്സപ്പെടുത്തുന്നു.

1)പ്രോജക്റ്റ് പ്രകാരം സൈക്കിളിന് 5000/- നിരക്കിൽ 70 സൈക്കിൾ വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്എന്നാൽ SIDCO യിൽ നിന്നുള്ള Proforma invoice പ്രകാരം 87 സൈക്കിളിന് 442113/- രൂപയാണ്. പ്രോജക്റ്റിൽ വ്യതിയാനം വരുത്തി നടപ്പാക്കുന്നതിന് അംഗീകാരം നേടിയിട്ടില്ലാത്തതാണ്.

2) SIDCO യിൽ നിന്നുള്ള Proforma invoice പ്രകാരം 87 സൈക്കിളിന് 442113/- രൂപയാണ്.എന്നാൽ Cash/Credit Bill തിയതി 8.8.16 ആണ്. 11.3.2016 ൽ പട്ടിക ജാതി വികസന ഓഫിസറുടെ പേരിലാണ് DD നല്കിയിട്ടുള്ളത് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. (pass book പരിശോധനയ്ക്ക് ഹാജരാക്കിയില്ല)

3)പട്ടികജാതി വികസന ഓഫീസിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല.

4) Stock ൽ എടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല

II) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

| | |
|---|---|
| പ്രോജക്റ്റ് നം. | S015/15-16 |
| അടങ്കൽ | 300000/- |
| ചെലവ് | 300000/- |
| ബിൽ നം. | 1)3/15-16തീ.11/03/16 Amt.300000- |

ഈ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ പ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം

/രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 300000/- രൂ തടസ്സപ്പെടുത്തുന്നു.
1) പട്ടികജാതി വികസന ഓഫീസിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല.
2) SCDO യുടെ പേരിലാണ് DD നല്കിയിട്ടുള്ളത്.
3) Stock ൽ എടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല
III) വിവാഹ ധനസഹായം

| പ്രോജക്ട് നം. | S0202/15-16 |
|---|---|
| അടങ്കൽ | 1450000/- |
| ചെലവ് | 1450000/- |
| ബിൽ നം. | 1)1/15-16തീ.16/02/16 Amt.600000/-<br>1)2/15-16തീ.16/02/16 Amt.850000/- |

1) താഴെ പ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം വിവാഹസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| നം | പേര് | ഡിഡി നം /തി. | തുക |
|---|---|---|---|
| 1 | സാബു പി വി<br>പരുതേപ്പറമ്പിൽ , വാഴക്കാല | 543695/10.3.16 | 50000/- |
| 2 | രാജപ്പൻ റ്റി കെ<br>തുരുത്തേപ്പറമ്പിൽ,തുതിയൂർ | 543693/10.3.16 | 50000/- |
| 3 | കെ മോഹൻദാസ്<br>അഞ്ജുനിവാസ് ,പടമുകൾ | 543689/10.3.16 | 50000/- |
| 4 | കൃഷ്ണൻകുട്ടി ,പാറക്കത്തടം,<br>കുസുമഗിരി | 543684/10.3.16 | 50000/- |
| 5 | അമ്മിണി അന<br>കരിയിൽ ,തുതിയൂർ | 541824/18.2.16 | 50000/- |
| | ആകെ | | 250000/- |

2 ) പട്ടികജാതി വികസന ഓഫീസിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല.

# 3-15 ഹെൽത്ത് ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റുകൾ

1). എലി നശീകരണം – എലിവിഷം വാങ്ങൽ

| പ്രോജക്ട് നം. | S0177/15-16 |
|---|---|
| അടങ്കൽ | 100000 (13th FC) |
| ചെലവ് | 98000 (13th FC) |
| ബിൽ നം. | 1) 4/15-16 തീ.15/02/16 Amt.98000- |

എലി നശീകരണത്തിനു വേണ്ടിയുള്ള ഈ പ്രോജക്റ്റിൽ , എലിവിഷം100 ഗ്രാമിന്റെ 4000 പാക്കറ്റ് വാങ്ങിയതിൽ 2380 പാക്കറ്റ് വിതരണം ചെയ്യാതെ Stock Register പേജ് നം 99 ഇപ്പോഴും അവശേഷിക്കുന്നുണ്ട് (25.1.2017 ). സ്റ്റോക്കിലുള്ള എലിവിഷത്തിന്റെ ഉപയോഗ കാലവധി രണ്ടു വർഷമാണ്. (മാനുഫാക്ച്റ്ററിംഗ് തിയതി സെപ്തംബർ 2015 അണ്). വിതരണം ചെയ്യാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. വാങ്ങിയ എലിവിഷത്തിന്റെ 60% ലധികം വിതരണം ചെയ്യാതിരുന്നത് വാങ്ങുന്ന സാധനത്തിന്റെ

അവശ്യകത കണക്കാക്കുന്നതിലുള്ള അപാകമാണ്. ഇക്കാരണങ്ങളാൽ ചെലവ് തുക 98000/- രൂപ തടസ്സപ്പെടുത്തുന്നു.

II) നഗരസഭ ശുചീകരണ പ്രവർത്തനം

| | |
|---|---|
| പ്രോജക്ട് നം. | S0173/15-16 |
| അടങ്കൽ | 1500000(13th FC) |
| ചെലവ് | 1499706- (13th FC) |
| ബിൽ നം. | 1/15-16 തീ.15/02/16 Amt.1499706- |

ഈ പ്രോജക്റ്റ് പരിശോധിച്ചതിൽ, നഗരസഭയിലെ വിവിധ വാർഡുകളിൽ ശുചീകരണ പ്രവർത്തനം (കാട് വെട്ടൽ , കാന വൃത്തിയാക്കൽ) നടത്തുന്നതിനാണ് തുക നൽകിയിട്ടുള്ളത്. ഇതിൽ താഴെ പ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക രൂ.1499706/- തടസ്സപ്പെടുത്തുന്നു.

1) ഈ പ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.
2) കൊട്ടേഷൻ / ടെണ്ടർ മുഖേനയല്ല പ്രവർത്തി നടപ്പിലാക്കിയത്.
3) ഹെൽത്ത് ഇൻസ്പെക്ടർക്കാണ് തുക നല്കിയിട്ടുള്ളത് (DD നം542004/19.2.2016 തുക 1499706/-)
4) 12ാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഇപ്രകാരമുള്ള ശുചീകരണ പ്രവർത്തനം ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർ എന്നിവരിലൂടെയും NRHM/ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൾ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ്. ആയത് പാലിക്കപ്പെട്ടില്ല.

## 3-16 ഖരമാലിന്യ സംസ്കരണ പദ്ധതി - പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| ഫയൽ നം. | H1-7374/13 |
| MB No. | 299/15-16 |
| കൊച്ചി നഗരസഭയിൽ നിന്നും ലഭിച്ച തുക | 106 ലക്ഷം |
| Rt. No.01/1142500039/24.5.14 | 51 ലക്ഷം |
| Rt. No.01/11402500081/24.7.14 | 27 ലക്ഷം |
| Rt. No.01/11502500978/18.3.16 | 29 ലക്ഷം |

തൃക്കാക്കര നഗരസഭയിലെ ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി മാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്നതിനായി ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കുന്ന പ്രോജക്റ്റിനായി കൊച്ചിൻ കോർപ്പറേഷന്റെ JnNURM പദ്ധതിപ്രോജക്റ്റ് സെൽ ടെൻഡർ ക്ഷണിച്ചു. ആയതിൽ
1) 10 ലിറ്റർ HDPE ബിന്നുകൾ (20,000എണ്ണം) വാങ്ങുന്നതിനായുള്ള ടെൻഡർ നടപടി ക്രമങ്ങളിലെ അപാകതകൾ :
താഴെ കൊടുത്തിരിക്കുന്ന മൂന്ന് സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തത്.

| സ്ഥാപനം | ക്വോട്ട് ചെയ്ത തുക |
|---|---|
| റെയ്ഡ്കോ | 2170000 |

| | |
|---|---|
| TWCCS | 3280000 |
| Super Decor | 3095000 |

ഇതിൽ ഏറ്റവും കുറവു ക്വോട്ടു ചെയ്ത റെയ്ഡ്കോയുടെ ടെൻഡർ നിരസിക്കുന്നതിന് കാരണമായി സൂചിപ്പിച്ചിട്ടുള്ളത് "Rejected due to no authorization " എന്നാണ്. എന്നാൽ

i) ഓതറൈസേഷൻ ആവശ്യമാണ് എന്ന് ടെൻഡറിൽ വ്യക്തമാക്കിയിട്ടില്ലാത്തതാണ്.

ii) 925000/-രൂപ വിലവ്യത്യാസം വരുമെന്നിരിക്കെ സർക്കാർ സ്ഥാപനമായ റെയ്ഡ്കോയുടെ ടെൻഡർ നിരസിച്ചതിനാൽ നഗരസഭയ്ക്ക് അധിക ചെലവ് വരാനിടയായിട്ടുണ്ട്.

iii) 3095400 രൂ.ചെലവ് ചെയ്തതിന്റെ ചെക് നം./DD എന്നിവയുടെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

iv) ഗുണനിലവാരം , സാംപിൾ എന്നിവ പരിശോധിച്ചതിന്റെ വിവരം ഫയലിലില്ല.

v)20000 ബിന്നുകൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

II) വീണ്ടും 10 ലിറ്റർ HDPE ബിന്നുകൾ 20000എണ്ണം വാങ്ങുന്നതിനായി റീ ടെൻഡർ നടത്തിയതിലെഅപാകതകൾ:

ആദ്യം ടെൻഡർ ക്ഷണിച്ചതിൽ 10 ലിറ്റർ HDPE ബിന്നുകൾ 20000എണ്ണവും 15ലിറ്റർ HDPE ബിന്നുകൾ 20000 എണ്ണവും വാങ്ങുന്നതിനു എന്നായിരുന്നു. എന്നാൽ 15 ലിറ്റർ HDPE ബിന്നുകൾ 20000എണ്ണത്തിന് തുക അധികമാകും എന്ന കാരണത്താൽ അത് മാറ്റം വരുത്തി10 ലിറ്റർ HDPE ബിന്നുകൾ 20000എണ്ണമാക്കി വീണ്ടം ടെൻഡർ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. റീടെൻഡർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങളാണ് പങ്കെടുത്തത്.

| സ്ഥാപനം | ക്വോട്ട് ചെയ്ത തുക |
|---|---|
| KSIE | 17,00,000 |
| Nilkamal | 31,20,180 |
| Super Decor | 29,00,000 |

ഇതിൽ ഏറ്റവും കുറവു നിരക്ക് ക്വോട്ടു ചെയ്ത KSIE യുടെ ടെൻഡർ നിരസിക്കുന്നതിന് കാരണമായി സൂചിപ്പിച്ചിട്ടുള്ളത് ;

1)"Rejected due to no authorization of manufacturers"

2) Exemption Certificate for EMD Certificate exemption in which the item is not included എന്നാണ്. എന്നാൽ

i) ഓതറൈസേഷൻ ആവശ്യമാണ് എന്ന് ടെൻഡറിൽ വ്യക്തമാക്കിയിട്ടില്ലാത്തതാണ്.

ii) സർക്കാർ / പൊതുമേഖല സ്ഥാപനങ്ങൾക്ക് EMD നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്

iii) സർക്കാർ /പൊതുമേഖല സ്ഥാപനമായ KSIE യുടെ ടെൻഡർ നിരസിച്ച് Super Decor ന്റെ ബിൽ പ്രകാരം 2900000/-(ചെക് നം.614824/5.3.16) രൂപ നല്കിയാൽ 12 ലക്ഷം രൂപ വിലവ്യത്യാസം വരുമെന്നിരിക്കെ സർക്കാർ /പൊതുമേഖല സ്ഥാപനമായ ടെൻഡർ നിരസിച്ചതിനാൽ നഗരസഭയ്ക്ക് അധിക ചെലവ് വന്നിട്ടുണ്ട്.

iv) ഈയിനത്തിനായി ആകെ 2015-16 വർഷം വരെ 40000 ബിന്നുകൾക്കായി ആകെ 5995400/-രൂപയുടെ ചെലവ് ചെയതിട്ടുണ്ട്. (ചെലവ് തുകയുടെ ചെക് നം./DD എന്നിവയുടെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല). എന്നാൽ ഗുണനിലവാരം , സാംപിൾ എന്നിവ പരിശോധിച്ചതിനു ശേഷമല്ല ടെൻഡർ നിരസിച്ചിട്ടുള്ളത് .ടെൻഡർ നിരസിച്ചതിൽ സംഭവിച്ച അപാകതകൾ കാരണം ഈയിനത്തിന് മാത്രം ആകെ 21,25,000/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

v). M/s Super Decor തുക കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയിട്ടില്ല.

vi) 21.9.2015 ലെ ഇൻവോയ്സ് 5240 പ്രകാരം 9000 ബിന്നുകൾക്ക് 138.09 രൂപനിരക്കിൽ 13,04,951.00 രൂപ നൽകിയതായി ഫയലിൽ കാണുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

vii) 2015-16 വർഷം 20000 ബിന്നുകൾ വാങ്ങിയതിൽ സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 64 പ്രകാരംആകെ 17940 ബിന്നുകൾവിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്. ഇവയുടെ

സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല.
viii)ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ തൻ വർഷം ചെലവഴിച്ച 2900000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
.

## 3-17 മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാലതാമസം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ /പേര് | 28/16, തൃക്കാക്കര – കാക്കനാട് പി.എച്ച്.സി കളിലേക്ക് മരുന്നു വാങ്ങൽ |
| ബിൽ നം. | സി.ബി.3/2015-16 /19.02.2016 – 139433 രൂപ<br>സി.ബി.4/2015-16 /19.02.2016 – 60567 രൂപ |
| ചെലവ് തുക | 2,00,000/-രൂപ |

തൃക്കാക്കര – കാക്കനാട് പി.എച്ച്.സി കളിലേക്ക് മരുന്നു വാങ്ങുന്നതിനായി രണ്ടു ലക്ഷം രൂപ കാരുണ്യ മെഡിസിൻ ഡിപ്പോയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ താഴെപ്പറയുന്ന ഇൻവോയ്സുകളിലായി 144417 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ.

| ഇൻവോയ്സ് നമ്പരും തീയതിയും | ബിൽ തുക |
|---|---|
| 314/ 21-04-16 | 10324 |
| 3690/ 13-10-16 | 89141 |
| 5301/ 05-12-16 | 14923 |
| 5653 /20-12-2016 | 30029 |

ബാക്കി തുകയ്ക്കുള്ള മരുന്നുകൾ താമസംവിനാ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 പ്രോജക്റ്റ് ഓഫീസർ (നഗര ദാരിദ്ര നിർമ്മാർജ്ജനം) നടപ്പാക്കിയ പ്രോജക്റ്റുകളിലെ അപാകതകൾ

പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ
1). ഭവന നിർമ്മാണം {വനിതകൾ (W)}

| | |
|---|---|
| പ്രോജക്ട് നം. | S0155/16 |
| അടങ്കൽ | 4780000(13th FC) |
| ചെലവ് | 1380000 (13th FC) |
| ബിൽ നം. | 1)5/15-16 തീ.26/05/15 Amt..480000-<br>2) 7/15-16 തി 17.8.15 Amt.480000/-<br>3)11/15-16 തി 16.9.15 Amt.100000/-<br>4)14/15-16 തി16.10.15 Amt.200000/-<br>5)30/15-16 തി 16.2.16 Amt.120000/- |

I) തുക രണ്ട് തവണ വിതരണം ചെയ്തു.
ബിൽ നം 11/15-16 തി 16.9.15 തുക 100000/-, 14/15-16 തി16.10.15 തുക.200000/ എന്നീ ബില്ലുകളിലായി താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് രണ്ട് തവണ വീതം തുക

നൽകിയിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ഒരു ലക്ഷം രൂപ അധികമായി പിൻവലിച്ചിട്ടുണ്ട്.

| | |
|---|---|
| ഫാത്തിമ | 20000 |
| പാത്തു ഖാദർ | 40000 |
| സൈനബ ബാവക്കുട്ടി | 40000 |
| ആകെ | 100000 |

2)കൂടാതെ മേൽ പ്രോജക്റ്റ് പ്രകാരം ലീല പവിത്രൻ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണം 1)ാം ഗഡു 20000/- രൂ നല്കിയിട്ടുണ്ട്. ടിയാൾക്ക് തുക ആവശ്യമില്ല എന്നറിയിച്ചതിനാൽ DD റദ്ദ് ചെയ്ത് മറ്റൊരു ഗുണഭോക്താവിന് തക നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽറദ്ദ് ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല. ഇക്കാരണങ്ങൾ പ്രതിപാദിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നല്കിയ മറുപടിയിൽ DD റദ്ദ് ചെയ്ത് മറ്റ് ഗുണഭോക്താക്കൾക്ക് തുക നല്കിയതായി വ്യക്തമാക്കിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 120000/- തടസ്സപ്പെടുത്തുന്നു.

2) ഭവന നിർമ്മാണം (ജനറൽ)

| | |
|---|---|
| പ്രോജക്ട് നം. | S0111/15 |
| അടങ്കൽ | 13728420-(വി.ഫ)<br>25000/- ($13^{th}$ FC)<br>21580/- തനത് ഫണ്ട് |
| ചെലവ് | 2320000/- |
| ബിൽ നം. | 1)27/15-16തീ.28/1/16 Amt..340000-<br>2)36/15-16 തി 27.2.16 തുക 1160000/-<br>3)43/15-16തി. 29.3.16 തുക 820000/- |

1)ക്യാൻസൽ ചെയ്ത DDയുടെ വിശദാംശം ഹാജരാക്കിയില്ല. ഈ പ്രോജക്റ്റ് പ്രകാരം ശ്രീമതി രാജമ്മ പ്രഭാകരന് 20000/- രൂ (ബിൽ നം.36/15-16 തി 27.2.16 തുക 1160000/-) നല്കിയിട്ടുണ്ട്. എന്നാൽ ടിയാൾക്ക് തുക ആവശ്യമില്ല എന്നറിയിച്ചിട്ടുണ്ട്.എന്നാൽ DD ക്യാൻസൽ ചെയ്ത് തിരികെ ട്രഷറിയിൽ അടവാക്കിയതിന്റെ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ 20000/- തടസ്സപ്പെടുത്തുന്നു.

3) ഭവന പുനരുദ്ധാരണം

| | |
|---|---|
| പ്രോജക്ട് നം. | S0156/16(Spill over) |
| അടങ്കൽ | 4262723/- (വി ഫ) SCP |
| ചെലവ് | 2640000/- |
| ബിൽ നം. | 1)2/15-16 തീ.19.06.15 Amt.1420000-<br>2) 13/15-16 തി 23.9.15 Amt.625000/-<br>3)24/15-16 തി 28.1.16 Amt.390000/-<br>4)39/15-16 തി19.3.16 Amt.205000/ |

പ്രോജക്റ്റ് ഓഫീസർ നടപ്പാക്കിയ ഈ പ്രോജക്റ്റിൽ താഴെ പ്പറയുന്ന വിശദാംശങ്ങൾക്ക് വ്യക്തമായ മറുപടി /രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ തുക രൂ 2640000/- തടസ്സപ്പെടുത്തുന്നു.

1)DDവിതരണം നടത്തിയതിന്റെ കൈപ്പറ്റ് രസീത് / രജിസ്റ്റർ

2)ബില്ലിനോടൊപ്പം സമർപ്പിച്ചിരുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റും തുകയുടെ വിശദാംശങ്ങളും

3)ഗുണഭോക്തൃ ലിസ്റ്റ്

4)മുൻവർഷം ഭവന പുനരുദ്ധാരണത്തിനായി 1ാം ഗഡു കൈപ്പറ്റിയതിനുശേഷം 2015-16

വർഷം അടുത്ത കൈപ്പറ്റിയവരുടെ വിശദാംശം
5)മുൻവർഷം ഭവന പുനരുദ്ധാരണത്തിനായി 1ാം ഗഡു കൈപ്പറ്റിയതിനുശേഷം പണി പൂർത്തികരിച്ചവരുടെ വിശദാംശം മേൽ സൂചിപ്പിച്ച പ്രോജക്റ്റിന്റെ note file പരിശോധിച്ചതിൽ താഴെ പ്പറയുന്ന DD കൾ വിതരണം ചെയ്യിട്ടില്ലാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് .

| No | Name | DD no /date | Amount |
|---|---|---|---|
| 1 | Santhosh NV | 62105/17.7.14 | 8000- |
| 2 | Mani Thevan | 409011/16.7.14 | 5000- |
| 3 | Velayudhan | 40912/16.7.14 | 3000- |
| 4 | Omana Rajappan | 972178/16.2.15 | 10000- |
| 5 | Krishnankutty kavanal | 972170/16.2.15 | 10000- |
| 6 | Raju VC | 972849/24.2.15 | 6000- |
| 7 | Kunjan Vava | 531391/22.6.15 | 10000- |
| 8 | Kunjappan Kochukannan | 621136/20.10.15 | 10000- |
| 9 | Ammini | 531369/22.6.15 | 6000- |
| 10 | Jaleel | 531342/22.615 | 4000- |
| 11 | Alex VA | 531352/22.5.15 | 4000 |
| 12 | Praveej A R | 531356/22.6.15 | 4000- |
| 13 | Abbas KV | 97228/16.2.15 | 4000- |
|  | Total |  | 84000/- |

4)ഭവന പുനരുദ്ധാരണം (Gen)

| | |
|---|---|
| പ്രോജക്ട് നം. | S0154/15-16(Spill over) |
| അടങ്കൽ | 4050000/- (വി ഫ) SCP |
| ചെലവ് | 3075000/- |
| ബിൽ നം. | 1)9/15-16 തീ.31.05.15 Amt.1025000-<br>2) 18/15-16 തി 20.11.15 Amt.1025000/-<br>3)31/15-16 തി 16.2.16 Amt.487500/-<br>4)41/15-16 തി19.3.16 Amt.537500/- |

1) പ്രോജക്റ്റ് ഓഫീസർ നടപ്പാക്കിയ ഈ പ്രോജക്റ്റിന്റെ ബില്ലിനോടൊപ്പം സമർപ്പിച്ചിരുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റും തുകയുടെ വിശദാംശങ്ങളും ഹാജരാക്കിയില്ല.
2)ഷംസു കരിമ്പനവീട് (sl.no 433) എന്ന ഗുണഭോക്താവ് തുക (രൂ. 25000/-)കൈപ്പറ്റിയില്ല . രൂ. 25000/- തടസ്സപ്പെടുത്തുന്നു.
5)പ്രോജക്റ്റിന്റെ ബില്ലിനോടൊപ്പം സമർപ്പിച്ചിരുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റും തുകയുടെ വിശദാംശങ്ങളും ഹാജരാക്കിയില്ല.
i)ഭവന പുനരുദ്ധാരണം (Gen)

| | |
|---|---|
| പ്രോജക്ട് നം. | S0207/16(Spill over) |
| അടങ്കൽ | 10100000/- (വി ഫ) |
| ചെലവ് | 10100000/- |

| | |
|---|---|
| ബിൽ നം. | 1)28/15-16 തീ.30.01.16 Amt.1862500-<br>2) 32/15-16 തി 27.2.16 Amt.2737500/-<br>3)40/15-16 തി 19.3.16 Amt.875000/-<br>4)45/15-16 തി29.3.16 Amt.85000/-<br>5)49/15-16 തി 29.3.16Amt.4525000/- |

ii) ഭവന നിർമ്മാണം(SCP)

| | |
|---|---|
| പ്രോജക്ട് നം. | S0157/15-16 |
| അടങ്കൽ | 4500000/- (വി ഫ) |
| ചെലവ് | 2140000/- |

ചെലവുതുകയിൽ ബിൽ നം 33/15-16 തി 29.2.15 തുക 300000/-എന്ന ബില്ലിനോടൊപ്പം സമർപ്പിച്ചിരുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റും ഗഡു തുകയുടെ വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ല.

6). കുടിവെള്ള പൈപ്പ് കണക്ഷൻ-രൂ. 224000/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0158/15-16 |
| അടങ്കൽ | 224000(13th FC) |
| ചെലവ് | 224000 (13th FC) |
| ബിൽ നം. | 1)1/15-16 തീ.19/06/15 Amt.138000-<br>2)17/15-16തി. 29.11.2015Amt.42000<br>3) 20/15-16 തി 23.11.15 Amt.18000/-<br>4)37/15-16 തി 19.3.16 Amt.26000/- |

ഈ പ്രോജക്റ്റിന്റെ പരിശോധനയ്ക്കായി താഴെ പ്പറയുന്ന വിശദാംശങ്ങൾ ഹാജരാക്കിയില്ല
1) അപേക്ഷകൾ
2) വരുമാന സാക്ഷ്യപത്രം
3) കണക്ഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ്
4) ബിൽ നം. 20/15-16 തി 23.11.15 Amt.18000/- ചെലവ് ചെയ്തതിന്റെ വിശദാംശം
5) കുടിവെള്ള പൈപ്പ് കണക്ഷൻ -വർദ്ധിപ്പിച്ച സബ്സിഡി നിരക്ക് 2016-17 മുതലാണ് ബാധകമാക്കിയിട്ടുള്ളത്. ഈ പ്രോജക്റ്റിൽ വർദ്ധിപ്പിച്ച സബ്സിഡി നിരക്ക് നല്കിയിട്ടുണ്ട്.

മേൽ പരാമർശങ്ങൾക്ക് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ രൂ. 224000/- തടസ്സപ്പെടുത്തുന്നു.

## 3-19 സംരക്ഷണ ഭിത്തി തകർന്നത് പുനഃസ്ഥാപിച്ചതിന്റെ തുക തിരികെ ഈടാക്കിയില്ല

ഫയൽ നം. E1- 17697/11
കണയന്നൂർ താലൂക്ക് കാക്കനാട് വില്ലേജ് ബ്ലോക്ക് 07റീസർവ്വേ 128/13 ൽ പ്പെട്ട സ്ഥലത്തിന്റെ സംരക്ഷണ ഭിത്തി തകർന്നത് പുനസ്ഥാപിക്കുന്നതു മായി ബന്ധപ്പെട്ട വിഷയത്തിൽ എറണാകുളം ജില്ല കളക്ടർ ഉത്തരവിറക്കിട്ടുള്ളതാണ്. 14.5.2015 ലെ എം.8-75763/14 നടപടി ക്രമം പ്രകാരം ടി- സ്ഥലത്ത് നിന്നും ആവശ്യമായ അനുമതിയില്ലാതെ അനധികൃതമായി മണ്ണ് നീക്കം ചെയ്തത് മൂലമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും , കാല പഴക്കത്തിൽ ഇടിഞ്ഞു പോയത് കെട്ടിസംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്നു. ശ്രീ സുകുമാരന്റെ ഉടമസ്ഥതയിലുള്ള സർവ്വേ 128/13 ൽ പ്പെട്ട സ്ഥലത്തിന്റെ സംരക്ഷണഭിത്തി സർവ്വേ 108/7

ൽ പ്പെട്ട സ്ഥലത്തിന്റെ ഉടമയായ ശ്രീ ജോസ് മാത്യു കെട്ടി സംരക്ഷിക്കേണ്ടതാണെന്ന് ജില്ല കളക്ടർ ഉത്തരവായിട്ടുണ്ട്. ശ്രീ ജോസ് മാത്യു ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം സംരക്ഷണ ഭിത്തി കെട്ടി ശ്രീ സുകുമാരന്റെ സ്ഥലം സംരക്ഷിക്കുവാനും ഉത്തരവായി. ഈ ഉത്തരവ് സമയപരിധിക്കുള്ളിൽ ശ്രീ ജോസ് മാത്യു പാലിക്കാത്ത പക്ഷം, തൃക്കാക്കര മുനിസിപ്പാലിറ്റി കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാക്കാതിരിക്കാൻ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതും ആയതിന് ചെലവായ തുക ശ്രീ ജോസ് മാത്യുവിൽ നിന്നും നിയമാനുസരണം ഈടാക്കുവാനും ഉത്തരവായിട്ടുണ്ട്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ശ്രീ ജോസ് മാത്യു സംരക്ഷണ ഭിത്തി നിർമ്മിക്കാത്തതിനാൽ നഗരസഭ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് തീരുമാനിച്ചു. ഈ പ്രവൃത്തിക്ക് നികുതികളുൾപ്പെടെ 1367879/- (കൺവീനർക്ക് നൽകിയ തുക 1251736/- ചെക്ക് നം. 122595/ 9.10.2015) രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർന്ന് 11.11.2015 ചെലവായ തുക തിരികെ ലഭിക്കുന്നതിന് ശ്രീ ജോസ് മാത്യുവിന് കത്തയക്കുന്നതായി ഓഫീസ് നോട്ട് ഫയലിലുണ്ടെങ്കിലും കത്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുക ലഭിച്ചുണ്ടെങ്കിൽ ആയതിന്റെ വിവരവും, തുക ലഭിച്ചിട്ടില്ലെങ്കിൽ തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്. ചെലവ് തുക 1367879/- തടസ്സപ്പെടുത്തുന്നു.

# 3-20 മരാമത്ത് പ്രൊജക്ടുകൾ- പൊതുവായ അപാകതകൾ

നഗര സഭയിലെ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും തനത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നത്. പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് ഈ പ്രവൃത്തികളെല്ലാം ചെയ്യുന്നത്. ഓരോ ഡിവിഷനിലും 40 മുതൽ 60 ലക്ഷം രൂപ വീതം 43 ഡിവിഷനുകളിലായി ശരാശരി 20കോടി രൂപയാണ് പ്രതിവർഷം ചെലവഴിയ്ക്കുന്നത്. (വികസന ഫണ്ടിൽ നിന്നുള്ള പ്രോജക്ടുകൾ ഉൾപ്പെടെ). 18.08.2012ലെ പന്ത്രണ്ടാം പദ്ധതി ആസൂത്രണ മാർഗരേഖ ജി.ഒ(എം.എസ്) 225/12/ത.സ്വ.ഭ.വ. ഖണ്ഡിക 4.3 ൽ നിഷ്കർഷിച്ചതു പ്രകാരം, വിഭവസ്രോതസ് ഏതായിരുന്നാലും, തദ്ദേശഭരണസ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പാക്കാനുദ്ദേശിയ്ക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ ഫണ്ടിൽ നിന്നും 2015-16 വർഷത്തിൽ 103549759 വകയിരുത്തിയതിൽ 5,35,26,967 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇത്രയധികം പ്രവൃത്തികളുടെ സൈറ്റ് സന്ദർശിച്ച് കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും പ്രവൃത്തികൾ പരിശോധിച്ച് അളവ് രേഖപ്പെടുത്താനും നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളത് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ,ഒരു അസിസ്റ്റന്റ് എഞ്ചിനീയറും, നാല് ഓവർസിയർമാരും, രണ്ടു ക്ലാർക്കുമാരും മാത്രമാണ്. സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് തയാറാക്കുകയും, പ്രവൃത്തികളുടെ മേൽനോട്ടം നടത്തുക എന്നതും ഇത്ര പേരെ വെച്ച് ചെയ്യുക എന്നത് എത്രത്തോളം പ്രായോഗികമാകുമെന്ന് പരിശോധിക്കേണ്ടതാണ്. ഒരേ പേരിൽ തന്നെ ഒന്നിലധികം റോഡ് പ്രവൃത്തികൾ നടത്തുന്നുണ്ട്. എന്നാൽ അളവുപുസ്തകത്തിൽ ചെയിനേജോ ലാൻഡ് മാർക്കോ രേഖപ്പെടുത്തുന്നില്ല. റോഡുകളുടെ പേരോ ലൊക്കേഷനോ വ്യക്തമാക്കാതെ, വാർഡിലെ വിവിധ റോഡുകളുടെ മെയിന്റനൻസ് / വിവിധ റോഡുകളുടെ ടാറിംഗ് എന്നിങ്ങനെ എല്ലാ വാർഡുകളിലും ഒരേ തുകയുള്ള എസ്റ്റിമേറ്റിൽ പ്രവൃത്തികൾ നടത്തുന്നു. ഇതിന് പുറമെ ഇതേ വാർഡുകളിൽ തന്നെ റോഡിന്റെ പേര് രേഖപ്പെടുത്തിയ പ്രവൃത്തികളുമുണ്ട്. തന്മൂലം പ്രവൃത്തികളിൽ ഇരട്ടിപ്പ് വരുന്നില്ലയെന്ന് ഓഡിറ്റിൽ ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല. തനത് ഫണ്ടുപയോഗിച്ച് എത്ര തുകയുള്ള മരാമത്ത് പ്രവൃത്തികൾ നടത്തിയെന്ന് കൃത്യമായ കണക്ക് നഗരസഭയിൽ ലഭ്യമായില്ല.(ചാർജ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്).

ബിറ്റുമിൻ രജിസ്റ്ററിൽ വളരെയധികം വെട്ടിത്തിരുത്തലുകൾ, വൈറ്റ്നർ ഉപയോഗിച്ച് തിരുത്തലുകൾ വരുത്തുന്നുണ്ട്. കൺവീനർ / കരാറുകാർക്ക് ബിറ്റുമിൻ നൽകിയ തിയതി, കരാറുകാരൻ കൈപ്പറ്റിയ വിവരം, ബിറ്റുമിന് വേണ്ടി ചെലവഴിച്ച തുകയും ലഭിച്ച ബിറ്റുമിന്റെ കണക്കുകളുമായി പൊരുത്തപ്പെടുത്തൽ എന്നീ വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുന്നില്ല.

ഒരേ കൺവീനർ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയത്.

ഗുണഭോക്തൃസമിതി മുഖേന നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഒരേ കൺവീനർ തന്നെ നഗരസഭയുടെ വിവിധ പ്രദേശത്ത് നടത്തിയ പ്രവൃത്തികളുടെ കൺവീനറായി പ്രവൃത്തി നടത്തിയിട്ടുണ്ട്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം ഓരോ പ്രദേശങ്ങളിൽ നിന്നും കൂടിയ ഗുണഭോക്താക്കളിൽ നിന്നും വേണം ചെയർമാനേയും കൺവീനറേയും തെരഞ്ഞെടുക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരേ വ്യക്തി തന്നെ വിവിധ പ്രദേശങ്ങളിൽ കൂടിയ ഗുണഭോക്തൃ സമിതികളിൽ ഉൾപ്പെട്ട് കൺവീനറായതിന്റെ കാരണം വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | ഫയൽ നം. | അടങ്കൽ തുക |
|---|---|---|---|
| 1 | ശ്രീ ഷിഹാസ് കെ.എ | E1- 11029/15 | 499500 |
| | | E1- 9383/15 | 499500 |
| | | E1- 11028/15-16 | 499500 |
| 2 | ശ്രീ റിൻഹാസ് | E1-12905/ 15 | 499000 |
| | | E1- 12906/ 15 | 499000 |
| | | E1- 12944/15 | 170000 |
| 3 | ശ്രീ ഇ.എം. മുഹമ്മദ് സഗീർ | E1- 13705/ 15 | 499000 |
| | | E1-13703/ 15 | 497000 |
| | | E1-13702/ 15 | 347000 |
| 4 | ശ്രീ മുജീബ് വി.എം. | E1- 15479/15 | 729000 |
| | | E1- 14563/15 | 158000 |
| | | E1- 15480/15 | 164000 |
| | | E1- 14561/15 | 211000 |
| 5 | ശ്രീ ഷെജിൻ കെ.കെ. | E1- 10362/15 | 499900 |
| | | E1- 8783/15 | 499900 |

ഒരേ കൺവീനർ തന്നെ നഗരസഭയുടെ വിവിധ പ്രദേശങ്ങളിലെ പ്രവൃത്തികളിലെ കൺവീനറായി പ്രവൃത്തി നടത്താനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-21 കൺവീനർക്ക് ഉപയോഗിക്കാത്ത കമ്പിയുടെ തുക നൽകി

വാഞ്ചിനാട് ഫ്ലാറ്റ് ഇല്ലത്തുമുഗൾ റോഡിൽ കാനയുടെ പുനർ നിർമ്മാണവും കവർ സ്ലാബും പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 6 പ്രകാരം കവർസ്ലാബിനു വേണ്ടി 1:2:4 അനുപാതത്തിൽ (176 x 1.00x 0.50 x 0.15) റീ ഇൻഫോർസ്ഡ് സിമന്റ് കോൺക്രീറ്റിംഗ് പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇനം 8 പ്രകാരം ഈ പ്രവൃത്തിക്ക് 1263.28 കി.ഗ്രാം. കമ്പിയാണ് വേണ്ടിയിരുന്നത്. കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം ഈ പ്രവൃത്തിക്ക് ആകെ 995 കി.ഗ്രാം.സ്റ്റീൽ (714kg 8 mm, 281kg 12mm) മാത്രമാണ് വാങ്ങിയതും ഉപയോഗിച്ചതും. 995 കി.ഗ്രാം.സ്റ്റീലിന്റെ വിലയായി 37500/- രൂപ നൽകിയിട്ടുണ്ട് (ബിൽ ഹാജരാക്കിയിട്ടുണ്ട്). കൺവീനറുടെ ആകെ കണക്കുകളിലും സ്റ്റീലിന്റെ വിലയായി 37500/- രൂപയാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| cement | 94500 |
| steel | 37500 |
| Materials | 136106 |
| Coolie charges | 202000 |
| total | 470106 |

യഥാർത്ഥത്തിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവ് കണക്കിലെടുക്കാതെ അളവു പുസ്തകം ഇനം 8 പ്രകാരം ഈ പ്രവൃത്തിക്ക് 104018 രൂപ (1263.28 kg x 82.34/ kg) നൽകിയിട്ടുണ്ട്. കൂടുതൽ അളവ് സ്റ്റീലിന്റെ ഉപയോഗം ഉൾപ്പെടുത്തിയതു കാരണം ആകെ പ്രവൃത്തി മൂല്യത്തിലും കൂടുതൽ തുക വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഫയൽനം. | E1-12672/15 |
| പ്രൊജക്റ്റ് നം. / പേര് വാഞ്ചിനാട്ഫ്ലാറ്റ്, ഇല്ലത്തുമുഗൾ റോഡിൽ കാനയുടെ പുനർ നിർമ്മാണവും കവർ സ്ലാബും | വാഞ്ചിനാട്ഫ്ലാറ്റ് ഇല്ലത്തുമുഗൾ റോഡിൽ കാനയുടെ പുനർ നിർമ്മാണവും കവർ സ്ലാബും |
| കൺവീനറുടെ പേര് | ശ്രീ ഫൈസൽ കെ.എ. |
| അളവു പുസ്തകം | 303/15-16 |
| ചെക്ക് നം. | 125765/ 31.12.2015 |
| അളവു പുസ്തകം ഇനം 4 പ്രകാരം നൽകിയ തുക | 1263.28 x 82.34/ kg = 104018 |
| നൽകാവുന്ന തുക | 995 kg x 82.34/ kg = 81928 |
| അധികം നൽകിയത് | 22090/- (104018 - 81928) |

കുറഞ്ഞ അളവിൽ സ്റ്റീൽ ഉപയോഗിച്ചത് ഈ പ്രവൃത്തിയുടെ ഗുണമേന്മയേയും ബാധിച്ചിട്ടുണ്ടാകാം. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-22 കൺവീനർക്ക് ചെയ്ത പ്രവൃത്തിയേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകി

| | |
|---|---|
| ഫയൽ നം. | E1- 2378/15 |
| പ്രവൃത്തിയുടെ പേര് | PBK മൈന റോഡിന്റെ ബൈറോഡിലും, മലമേൽ റോഡിൽ കാനയും കവറിംഗ് സ്ലാബ് പണിയലും, കോൺക്രീറ്റ് ടൈൽ വിരിക്കലും. |
| കൺവീനറുടെ പേര് | ശ്രീ ഡിനു ജയിംസ് |
| അളവു പുസ്തകം | 224/15-16 |
| ചെലവ് | 125926/ 30.1.2016 തുക 805455/- |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം അപ്പന്റിക്സ് ബി1പ്രകാരം 140 മീറ്റർനീളത്തിലും 3മീറ്റർ വീതിയിലുമായി ആകെ 420 m2 ഏരിയായിൽ ടൈൽ വിരിക്കൽ പ്രവൃത്തിയാണ്

ഉൾപ്പെടുത്തിയിരുന്നത്. കൺവീനറുടെ കണക്കുകൾ പ്രകാരം 370 m2 ഇന്റർലോക്കിംഗ് ടൈൽ മാത്രമാണ് വിരിച്ചിട്ടുള്ളത്. ഇതിന് വേണ്ടി വാങ്ങിയ പർച്ചേയ്സ് ബിൽ പ്രകാരം 370 m2 ഇന്റർലോക്കിംഗ് ടൈലിന്റെ വിലയായി 1081/m2 നിരക്കിൽ 400000 /- (399970 + 30) രൂപMahal design Tiles, chowara എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.ഗുണഭോക്തൃ സമിതി അംഗീകരിച്ച പ്രകാരം ആകെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| 1 1/2" metal 810x 33 | 26730 |
| 20mm metal 636x 35 | 22260 |
| Sand 802 x 45 | 36090 |
| 6 mm metal 2160 x 25 | 54000 |
| Inter locking tiles 9cm | 400000 |
| steel | 45197 |
| cement | 111568 |
| Muster roll - 1 | 88500 |
| Muster roll - 2 | 104600 |
| Muster roll - 3 | 5700 |
| ആകെ ചെലവ് | 894645 |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് 471 m2 ആണ്. ഫൈനൽ ബിൽ തുക അനുവദിച്ചപ്പോൾ അളവ് പരിമിതപ്പെടുത്തി 420 m2ന് 1081/m2നിരക്കിൽ 454020/- രൂപ നൽകിയിട്ടുണ്ട്. കൺവീനറുടെ കണക്കുകളിൽ പ്പെടാത്ത അളവ് രേഖപ്പെടുത്തിയത് എങ്ങിനെയാണെന്ന് വിശദീകരിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ചെയ്ത അളവിൽ പരിമിതപ്പെടുത്തുമ്പോൾ അളവ് പുസ്തകത്തിലെ ആകെ പ്രവൃത്തിമൂല്യത്തിലും കുറവു വരുന്നു. അധിക ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| | |
|---|---|
| നൽകിയ തുക | 420 m2 × 1081/m2 = 454020 |
| നൽകാവുന്ന തുക | 370 m2 × 1081/m2 = 399970 |
| അധികം നൽകിയ തുക | 54050/- |

ഇക്കാര്യത്തിൽനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. അധിക ചെലവായ 54050/- രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-23 കാനകളുടെ കവറിംഗ് സ്ലാബ് നിർമ്മാണം - അധിക നിരക്ക് നൽകി-

കാനകളുടെ കവറിംഗ് സ്ലാബ് നിർമ്മാണത്തിൽ നഗരസഭയിൽ എസ്റ്റിമേറ്റ് പ്രകാരം Reinforced cement concrete 1:2:4 using 20 mm grade broken stone including cost ,conveyance all labour charges etc. complete as per specification including form work എന്ന ഇനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് CPWD DSR code 5-12 പ്രകാരമുള്ള നിരക്കായ 8965/cum രൂപ (CP + OH + CI @ 0,3905) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ CPWD DSR code 5-12 പ്രകാരം providing and hoisting and fixing up to floor five precast reinforced cement concrete work in string courses, bands, copings ,bed plates, anchor blocks, plain windows sills and the like, including the cost of required centering

,shuttering but excluding the cost of reinforcement, with 1:2:4 (1cement, 2 coarse sand, 4 graded stone aggregate 20mmnominal size) എന്ന സ്പെസിഫിക്കേഷനാണ്. ഇത് അഞ്ചു നില വരെയുള്ള കെട്ടിടങ്ങൾക്ക് നൽകുന്ന നിരക്കാണ്. പ്ലിന്ത് ലെവലിൽ പണിയുന്ന സ്ലാബിന് അനുവദിക്കാവുന്നത് CPWD DSR code 5.1.3 പ്രകാരമുള്ള നിരക്കും , CPWD DSR code 5.9.1 പ്രകാരമുള്ള ഫോംവർക്കിനുള്ള നിരക്കുമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

